കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കരുംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

**e-mail: lfadtvm@yahoo.in**
**dotvm.ksad@kerala.gov.in**

നം.കെ.എസ്.എ.ജി.പി3/464/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി: 14. 5.2020

**ഫോൺ.** 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**കരുംകുളം ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം : **കരുംകുളം** ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കരുംകുളം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ജി.പി3/464/2020

**തീയതി:14.5.2020**

**തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ **കരുംകുളം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.02.2019 മുതൽ 05.3.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.03.2020 മുതൽ 18.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ശോശാമ്മ., ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ബിന്ദുലത , സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ആശ ജി ആർ, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാജു എസ്, ഓഡിറ്റർ |
| | കുമാരി. ആര്യകൃഷ്ണൻ , ഓഡിറ്റർ |

## ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജി ഹെസ്റ്റിൻ | 01.04.2018 മുതൽ 12.8.2018 |
| | ശ്രീ. ഇ ക്രിസ്തുദാസി | 13.8.2018 മുതൽ 13.8.2018 വരെ (ഇൻചാർജ്ജ്) |
| | ശ്രീ. ജി.അനിൽകുമാർ | 14.8.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. മേരി ഇനിഗോ | 01.04.2018 31.3.2019വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സുനിത<br>ശ്രീമതി. രാജപുഷ്പം | 1.4.18 മുതൽ 30.07.2018 വരെ<br>01.08.2018 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി | ഡോ.സുനിത | 01.04.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഡോ.ചിത്ര<br>ഡോ. റീന ശാന്തം | 01.04.18 മുതൽ 30.07.2018 വരെ<br>1.8.2018 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ജയനാരായണൻ<br>ഡോ. ശ്രീദേവി<br>ഡോ. റിയാസ് വൈ | 01.04.2018 മുതൽ 18.6.2018 വരെ<br>19.6.2018 മുതൽ 23.7.2018 വരെ<br>24.7.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അരുൺ.ജെ പ്രതാപ് | 01.04.18 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സൗത്ത് സർക്കിൾ) | ശ്രീ. ശിവകുമാർ<br>ശ്രീമതി അനുശ്രീ<br>ശ്രീ.സജീഷ് | 01.04.18 മുതൽ 26.6.2018 വരെ<br>27.6.2018 മുതൽ 02.7.18 വരെ<br>02.7.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നോർത്ത് സർക്കിൾ) | ശ്രീമതി അനുശ്രീ<br>ശ്രീ.സജീഷ്<br>ശ്രീമതി. സ്മിതാരാജ് | 01.04.18 മുതൽ 2.07.2018 വരെ<br>03.7.18 മുതൽ 3.12.18 വരെ<br>04.12.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്സ് | ശ്രീമതി. ലില്ലിഭായി എൻ | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.വിമലാഭായി | 1.4.18 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജൻ | ഡോ. അനിൽ രാജ്<br>ഡോ.കീർത്തി<br>ഡോ. ഗോപകുമാർ | 01.04.18 മുതൽ 6.4.2018 വരെ<br>07.04.18 മുതൽ 01.02.19 വരെ |

| | | |
|---|---|---|
| | ഡോ.ജോജി ആൽബർട്ട്<br>ഡോ. സുമിൽ | 02.02.2019 മുതൽ 6.02.2019 വരെ<br>7.02.2019 മുതൽ 21.02.2019 വരെ<br>22.02.2019 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഷിബു റ്റി എസ് | 01.04.18 മുതൽ 31.03.19 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | വിഷ്ണു രാജ്<br>സജികുമാർ<br>സന്തോഷ് കുമാർ<br>സജികുമാർ<br>റീന | 01.4.2018 മുതൽ 8.4.2018 വരെ കാലയളവിൽ ആർക്കും ചാർജില്ലായിരുന്നു.<br>9.4.2018 മുതൽ 23.4.2018 വരെ<br>24.4.2018 മുതൽ 2.5.2018 വരെ<br>3.5.2018 മുതൽ 13.6.2018 വരെ<br>14.6.2018 മുതൽ 2.7.2018 വരെ<br>3.7.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | മേബിൾ ഷീജ<br>അനിത ജെ, അക്കൗണ്ടന്റ് (ഇൻചാർജ്ജ്)<br>വി കെ രാജേഷ് കുമാർ<br>പ്രേം നിർമ്മൽ | 1.4.2018 മുതൽ 23.6.2018 വരെ<br>24.6.2018 മുതൽ 28.6.2018 വരെ<br>29.6.2018 മുതൽ 4.12.2018 വരെ<br>5.12.2018 മുതൽ 31.3.2019 വരെ |

<u>**ഉള്ളടക്കം**</u>


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക നില | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 09 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണം - നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല | 1-12 |
| 13 | കെട്ടിടങ്ങൾക്ക് യു/എ നമ്പർ നൽകൽ - സർക്കാർ നിർദേശം പാലിച്ചില്ല | 1-13 |
| 14 | കെട്ടിടങ്ങൾക്ക് നമ്പർ നൽകൽ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-14 |
| 15 | കെട്ടിട നികുതി നിർണ്ണയം - റോഡ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-15 |
| 16 | കെട്ടിടനികുതി-വിമുക്ത ഭടനിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-17 |
| 18 | FATEOS ലൈസൻസ് നൽകുന്നതിൽ അപാകതകൾ | 1-18 |
| 19 | ഇ - ടെൻഡർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല | 1-19 |
| 20 | വർക്കേഴ്സ് വെൽഫയർ ഫണ്ടിന് ഈടാക്കുന്ന തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 1-20 |
| 21 | മരാമത്ത് പ്രവൃത്തികളുടെ ദീർഘീകരണ കാലയളവ് - നിർദേശങ്ങൾ പാലിക്കേണ്ടതാണ് | 1-21 |
| 22 | ഉത്ഘാടനങ്ങൾക്ക് അധിക ചെലവ് | 1-22 |
| 23 | ശുചിത്വമിഷൻ ഫണ്ട് - വിനിയോഗ രേഖകൾ ലഭ്യമായില്ല - 1,80,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ രേഖകൾ ലഭ്യമല്ല - 767000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 25 | പി.എം.എ.വൈ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമായില്ല - 16,20,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | ആദായനികുതി ഈടാക്കിയിട്ടില്ല | 1-26 |
| 27 | തെരുവുവിളക്ക് പരിപാലനം – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല, ആദായനികുതി ഈടാക്കിയിട്ടില്ല | 1-27 |
| 28 | പ്രൊക്യൂർമെന്റ് കമ്മിറ്റി-പ്രവർത്തനമില്ല-മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-28 |
| 29 | ടെണ്ടർ രജിസ്റ്റർ - യഥാവിധി പരിപാലിക്കുന്നില്ല | 1-29 |

| | | |
|---|---|---|
| 30 | ഡെപ്പോസിറ്റ് വർക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-30 |
| 31 | എസ്.എസ്.എ വിഹിതം – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 32 | ചെലവ് തുക എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തിയില്ല - അധികം നൽകിയ തുക നിരാകരിക്കുന്നു | 1-32 |
| 33 | സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയില്ല | 1-33 |
| 34 | കിളിത്തട്ട് കുടിവെള്ള പദ്ധതി - ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല | 1-34 |
| 35 | കടൽ തീരത്തെ പുറമ്പോക്ക് ഭൂമിയിലെ നിർമ്മാണങ്ങൾ - നിയമസാധുത ഉറപ്പാക്കേണ്ടതാണ് | 1-35 |
| 36 | പഞ്ചായത്ത് വക ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സത്വര നടപടികൾ അനിവാര്യം | 1-36 |
| 37 | തീരദേശ പരിപാലന നിയമം ലംഘിച്ച് കെട്ടിടനിർമ്മാണം വർധിക്കുന്നു | 1-37 |
| 38 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ- ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-38 |
| 39 | വനിതാ വികസന പ്രവർത്തനങ്ങൾ - പ്രോജക്ട് ബുക്കുകൾ പ്രിന്റ് ചെയ്ത് ലഭിക്കുന്നതിന് മുമ്പ് തുക നൽകി -75000/-രൂപ തടസ്സപ്പെടുത്തുന്നു | 1-39 |
| 40 | ഗ്രാമസഭകൾ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകി - 27000/-രൂപ തടസ്സം | 1-40 |
| 41 | തുടർവിദ്യാ കേന്ദ്രത്തിലേക്ക് വാങ്ങിയ സാധനങ്ങൾ - ഉപയോഗപ്രദമാക്കിയിട്ടില്ല | 1-41 |
| 42 | പാലിയേറ്റീവ് കെയർ പ്രവർത്തനാവലോകനം | 1-42 |
| 43 | ബാലസഭ പ്രവർത്തനങ്ങൾ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-43 |
| 44 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ | 1-44 |
| 45 | മൊഹമ്മദൻ എൽ.പി.എസ്. വൈദ്യുതീകരണം - 9784/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കണം | 1-45 |
| 46 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് - വാങ്ങൽ നടപടികളിലെ വീഴ്ചകൾ | 1-46 |
| 47 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - വാങ്ങൽ നടപടികളിലെ അപാകതകൾ | 1-47 |
| 48 | പദ്ധതി തുക വിനിയോഗിച്ചു വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-48 |

| | | |
|---|---|---|
| 49 | ഗുണഭോക്തൃതെരഞ്ഞെടുപ്പ് – സർക്കാർ ഉത്തരവ് ലംഘിച്ച് ആനുകൂല്യം നല്കിയിരിക്കുന്നു | 1-49 |
| 50 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല | 1-50 |
| | **ഭാഗം 2** **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3** **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 51 | ഉത്ഘാടനങ്ങൾക്ക് അധിക ചെലവ് | 3-1 |
| 52 | ചെലവ് തുക എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തിയില്ല - അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-2 |
| 53 | തുടർവിദ്യാ കേന്ദ്രത്തിലേക്ക് വാങ്ങിയ സാധനങ്ങൾ - ഉപയോഗപ്രദമാക്കിയിട്ടില്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 54 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 55 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 56 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 58 | വായ്പ തിരിച്ചടവ് | 4-5 |
| 59 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 60 | ഓഡിറ്റ് റിക്കവറി | 4-7 |
| 61 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 62 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 63 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 64 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-11 |


## ഭാഗം -1

# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ 1 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 250790139-/- രൂപ വരവും 238051065/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്.

എ) ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വാർഷിക ബജറ്റ് രൂപീകരണത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 &2 പ്രകാരം ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.
- പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രൊപോസൽ annexure 3&4 പ്രകാരം സെക്രട്ടറി തയാറാക്കിയിട്ടില്ല. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപനമേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടില്ല.
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ചു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല.
- ബഡ്ജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്കു നൽകുകയോ ചെയ്തിട്ടില്ല.
- പെർഫോമൻസ് ഓഡിറ്റ് വിങ് ബജറ്റ് റിവ്യൂ ചെയ്തതിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

ബി) ബജറ്റ് - വകയിരുത്തിയതിനേക്കാൾ അധികം തുക ചെലവു ചെയ്തു

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് ചെയ്യാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി നടന്ന ചെലവുകളുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ചെലവിനം | ബജറ്റിൽ വകയിരുത്തിയ തുക | വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 220100101 | വാടക | 175000 | 178543 |
| 25100201 | കൃഷിയും അനുബന്ധ മേഖലകളും | 500000 | 646813 |
| 250100501 | ക്ഷീര വികസനം | - | 355000 |

| | | | |
|---|---|---|---|
| 250103901 | മൃഗസംരക്ഷണം പശ്ചാത്തലസൗകര്യങ്ങൾ | 50000 | 75000 |
| 251100901 | വായനശാലകളും റീഡിംഗ് റൂമുകളും | 500000 | 1233639 |
| 251200201 | പൊതു ആരോഗ്യ പരിപാടികൾ | 100000 | 566860 |

ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ മേൽ വസ്തുതകളിൽ ചട്ടപ്രകാരമുള്ള സമയക്രമവും നടപടിക്രമവും പാലിച്ചതായ വിവരങ്ങൾ ലഭ്യമായിരുന്നില്ല. ബജറ്റ് രൂപീകരണത്തിൽ സ്വീകരിച്ച നടപടികളും മേൽ അപാകതകൾക്കുള്ള വിശദീകരണവും റിവൈസ്ഡ് ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 32/16.3.2020 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ ഒഴിവാക്കേണ്ടതും ബജറ്റ് രൂപീകരണത്തിൽ ചട്ടപ്രകാരമുള്ള സമയക്രമവും നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 30.4.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10698033.70 |
| വരവ് | 114921754 |
| ആകെ | 125619787.70 |
| ചെലവ് | 105097095 |
| നീക്കിയിരുപ്പ് | 20522692.7 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 33122259 | 33122259 | 33122259 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2820427 | 2820427 | 2820427 | 0 |
| സി.എഫ്.സി. | 0 | 12595485 | 12595485 | 12595485 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17261340 | 17261340 | 17261340 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 5108908 | 5108908 | 5108908 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 15778 | 562417 | 578195 | 559482 | 18713 |
| ബി ഫണ്ട് | 0 | 529320 | 529320 | 529320 | 0 |
| ഇന്ത്യൻ ബാങ്ക് തനത് | 9432579 | 14276755 | 23709334 | 14204954 | 9504380 |
| ബാങ്ക് തനത് | -.3 | 0 | -.3 | 0 | -.03 |

| | | | | | |
|---|---|---|---|---|---|
| എസ്..ബി.ഐ. ഇ പേയ്മെന്റ് | 4240 | 17839 | 22079 | 672 | 21407 |
| റ്റി.എസ്.ബി | 1102179 | 23244184 | 24346363 | 13536113 | 10810250 |
| കേരള ഗ്രാമീൻ ലൈഫ് | 0 | 4953392 | 4953392 | 4878877 | 74515 |
| റ്റി.എസ്.ബി. ജോയിന്റ് വെൻചർ | 0 | 329400 | 329400 | 326000 | 3400 |
| എസ്.ബി.ഐ. കറന്റ് * | 0 | 10000 | 10000 | 908.10 | 9091.90 |
| ക്യാഷ് | 143258 | 90028 | 233286 | 143258 | 90028 |

* അക്കൗണ്ടിന്റെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|---|
| 296 | 165908089 | 205 | 81691776 | - | 91 | 69 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15778 | 562417 | 578195 | 559482 | 18713 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36279839 | 36279839 | 36279839 | 0 |
| ആകെ | 15778 | 36842256 | 36858034 | 36839321 | 18713 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 319320 | 210 |
| കർഷക തൊഴിലാളി പെൻഷൻ | 4893200 | 399 |
| വിധവാപെൻഷൻ | 9832300 | 952 |
| വാർദ്ധക്യകാല പെൻഷൻ | 23697400 | 2638 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 6119800 | 541 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 292600 | 25 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.03.2020 ഉച്ചയ്ക്ക് ശേഷം 4.50 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18884/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പൊതുഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായ ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. എന്നാൽ കൃത്യമായ ഓഫീസ് മീറ്റിംഗുകൾ കൂടുന്നതായോ ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ ആവശ്യമായ നിർദേശങ്ങൾ നൽകുന്നതായോ അവ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതിനോ അത്തരം മീറ്റിംഗുകളുടെ മിനിറ്റ്സ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നു എന്ന് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി ഉറപ്പാക്കേണ്ടതുണ്ട്.

**i) തനത് വരവ് ഈടാക്കുന്നതിൽ പാളിച്ചകൾ**

പഞ്ചായത്ത് പരിധിയിലെ കടകളുടേയും മറ്റ് ട്രെയിഡിംഗ് സ്ഥാപനങ്ങളുടേയും പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി ട്രെയിഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. മുൻ വർഷം പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

കെട്ടിട നികുതി കണക്കാക്കുന്നതിന് മേഖലാ വിഭജനം ഒരു ഘടകമായിരിക്കേ ആയതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഇളവുകളും വർദ്ധനവും ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ ലഭ്യമാക്കിയില്ല. നമ്പരിംഗിനായി ലഭിക്കുന്ന അപേക്ഷകൾ അപൂർണ്ണമാണ്, പെർമിറ്റ്, നമ്പറിംഗ് വിവരങ്ങൾ ഒറ്റ ഫയലായി സൂക്ഷിക്കുന്നില്ല. റഗുലറൈസേഷൻ ഫീസ് ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. 150$m^2$ ൽ അധികമായ അനധികൃത നിർമ്മാണങ്ങൾക്ക് സർക്കാർ നിർദേശം ലംഘിച്ച് നമ്പർ നൽകുന്നു.

**ii) പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രക്രിയകളിലെ വീഴ്ചകൾ**

വിവിധ മേഖലകളിലെ പദ്ധതി ആസൂത്രണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ സമയബന്ധിതമായി പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലകൾ നിർവ്വഹിക്കുന്നില്ല. പദ്ധതികളുടെ തുടർപ്രവർത്തനവും കാര്യക്ഷമതയും മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല. ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള

തുകകൾ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഇല്ലാതെയും, കരാറിൽ ഏർപ്പെടാതെയും നൽകിയിരിക്കുന്നു. കരാറുകാർ മുഖേന നടപ്പാക്കിയ പദ്ധതികളിൽ കരാറിൽ തീയതി രേഖപ്പെടുത്താതെയും, വ്യവസ്ഥകൾ പൂർണ്ണമായും എഴുതിചേർക്കാതെയും, ഒപ്പിടാതെയും സൂക്ഷിച്ചിരിക്കുന്നു.

സ്പിൽ ഓവർ ആയ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് അടിസ്ഥാന വികസനം ലക്ഷ്യമാക്കി പദ്ധതികൾ രൂപീകരിച്ച് തുക വകയിരുത്തേണ്ടതാണെന്നും പദ്ധതികളുടെ എണ്ണം കുറച്ച് നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ നിർദേശിച്ചിട്ടുള്ളതാണ്. ഈ നിർദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഉദാഹരണമായി 25000, 49000, 50000, 78000, 82000 എന്നിങ്ങനെ താരതമ്യേന കുറഞ്ഞ അടങ്കൽ തുക വകയിരുത്തി പരിമിതമായ അളവിൽ നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾ ഉദ്ദേശിച്ച പ്രയോജനം ലഭിക്കാതെയും വളരെ ചുരുങ്ങിയ കാലയളവ് കൊണ്ട് ഉപയോഗശൂന്യമാകുന്ന അവസ്ഥയും നിലനിൽക്കുന്നു.

**<u>iii) ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ചകൾ</u>**

സബ്സിഡി ഉൾപ്പെടെയുള്ള വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകളും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങളും ലംഘിച്ചിരിക്കുന്നു. ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകേണ്ടത് ഗ്രാമസഭയാണ്. ഗ്രാമസഭ വഴി തിരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന പക്ഷം തൊട്ടടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടേണ്ടതാണ്. ഇപ്രകാരം തെരഞ്ഞടുക്കപ്പെടാത്തവർക്കും, അംഗീകാരം നേടാത്തവർക്കും ആനുകൂല്യങ്ങൾ നൽകിയിരിക്കുന്നു.

**<u>iv) ആസ്തി, സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.</u>**

58608/ ഡിബി2/2009/തസ്വഭവ,13.01.2010 സർക്കുലർ ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്ററുകളിൽ മാറ്റങ്ങൾ/ കൂട്ടിച്ചേർക്കൽ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ടതും ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററുകളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. ഈ നടപടിക്രമങ്ങൾ പാലിക്കുകയോ തൻ വർഷം ആർജിച്ച ആസ്തികൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കുകയോ ചെയ്തിട്ടില്ല.

ജി.ഒ (പി) 3/2013 SPD dated 21.06.2013 സ്റ്റോർ പർച്ചേസ് മാനവൽ അധ്യായം 12.22 പ്രകാരം വാങ്ങുന്ന സാധനങ്ങൾ വെരിഫൈ ചെയ്ത് സ്റ്റോക്കിലെടുക്കേണ്ടതും, ബില്ലിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ചാപ്റ്റർ VI ആർട്ടിക്കിൾ 149, 150, 151 പ്രകാരം സ്ഥാപനം വാങ്ങിയിട്ടുള്ള സാധനങ്ങളുടെ സുരക്ഷിതമായ ഉപയോഗവും, പരിപാലനവും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്. ഇതിനായി സ്റ്റോക്കുകളുടെ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ് (കെ.എഫ് സി വാല്യം II). എന്നാൽ അപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഉദാഹരണമായി പ്രോജക്ട്നം 185/19 പ്രകാരം 475000/- രൂപ ചെലവിട്ട് പഞ്ചായത്തിലേയ്ക്ക് ജനറേറ്റർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സ്റ്റോക്ക് ആന്റ് സ്റ്റോർസിന്റെ വെരിഫിക്കേഷൻ, വാല്യുവേഷൻ എന്നിവ തയ്യാറാക്കുകയോ, മൂല്യം വാർഷിക കണക്കുകകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോർസ്

പരിപാലനത്തിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോറുകൾ പരിശോധിച്ച് സ്റ്റോക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.2.2020 | 11/2019 മുതൽ 01/2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.6.2018 മുതൽ 16.6.2018 വരെ | 2013-14 മുതൽ 2017-18വരെ | 21.7.2018 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ച് 31.5.2019 ൽ കെ.എസ്.എ.റ്റി.വി.എം./ജി.പി3/975/2019 -ാം നം സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളതും അപാകതകൾ അറിയിച്ചിട്ടുള്ളതുമാണ്.

## 1-12 അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണം - നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 236W, മുൻസിപ്പൽ ആക്ട് സെക്ഷൻ 406 എന്നിവ പ്രകാരവും,2014-ലെ അനധികൃതകെട്ടിടങ്ങളുടെ ക്രമവത്ക്കരണം ചട്ടങ്ങൾ പ്രകാരവും സാധാരണ രീതിയിൽ പെർമിറ്റ് എടുക്കാതെയും, പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമിച്ചതോ ആയ കെട്ടിടങ്ങളെ, അവ ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പാലിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് ക്രമവത്ക്കരിച്ച് നൽകാവുന്നതാണ്. ക്രമവത്ക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായാരിക്കുമെന്നും ചട്ടത്തിൽ വിവരിക്കുന്നു. കൂടാതെ ഒരു ക്രമവത്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്ന പോലെ തന്നെയായിരിക്കേണ്ടതുമാണ്. തദ്ദേശ സ്വയം ഭരണ (ആർ.ഡി.) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി 2/15/ ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം ഒരിക്കൽ പെർമിറ്റ് എടുത്തശേഷം ആയതിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിനായി രാജിയാക്കൽ ഫീസ് മാത്രവും, പെർമിറ്റ് എടുക്കാതെ പുർണ്ണമായും ക്രമവത്ക്കരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ പഞ്ചായത്തിൽ നിന്നും ക്രമവത്ക്കരണം നടത്തി നൽകിയ 80 അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന അപേക്ഷകളിൽ നിന്നും നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി.

| ക്രമനം | ഫയൽനം/പേര് | വീട് നം | ഏരിയ($m^2$) | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | നഷ്ടപ്പെട്ട ഫീസ് |
|---|---|---|---|---|---|---|
| 1 | A2.6012/18 ജോണി | 4/381B | 71.29 | 428 | 642 | 214 |
| 2 | A2.519/19 ഷൈജു | | 112.5 | 338 | 1013 | 675 |

| | | | | | | |
|---|---|---|---|---|---|---|
| 3 | A2.963/19 വർഗീസ് | 13/78A | 75 | 473 | 675 | 202 |
| 4 | A2.6615/18 സെ്റ്റല്ല | 9/63B | 119.9 | 419 | 1079 | 660 |
| 5 | A2.477/18 മെർലിൻദാസ് | 16/210 | 108.3 | 0 | 975 | 975 |
| 6 | A2.1095/19 രാജ്കുമാർ | 4/74B(O.B) | 162.81 | 0 | 1465 | 1465 |
| 7 | A2.6136/18 അനിൽകുമാർ | 4/211C | 89.44 | 537 | 805 | 268 |
| 8 | A2.1216/19 കമലന | 3/16B | 79.10 | 475 | 712 | 237 |
| 9 | A2.2567/18 ഗിരിഷ് കുമാർ | 2/239A | 91.79 | 552 | 826 | 274 |
| 10 | A2.2474/18 സ്റ്റീഫൻ | 2/251B | 137.49 | 0 | 1237 | 1237 |
| 11 | A2.5662/18 റീനാ ജസ്റ്റിൻ | 7/250 | 119.70 | 0 | 1077 | 1077 |
| 12 | A2.5771/18 ഇന്ദിര | 2/114D | 119 | 714 | 1071 | 357 |
| 13 | A2.5865/18 ജസ്റ്റർ കമലി | 6/40B | 207.12 | 0 | 1864 | 1864 |
| 14 | A2.6308/18 ശബരിയമ്മ | 7/109 | 246.12 | 1427 | 2215 | 788 |
| | | | | | ആകെ നഷ്ടതുക | 10311 |

ഈ അപാകതൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 39/19-ന് നൽകിയ

മറുപടിയിൽ ക്രമനമ്പർ 7,14 എന്നീ അപേക്ഷകളിൽ നിന്നും ഫീസ് ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചു . എന്നാൽ എത്ര രൂപയാണ് വാങ്ങിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പെർമിറ്റ് ഫീസ്, സിസ്റ്റം ജനറേറ്റ് ചെയ്ത് വരുന്നതാണെന്നും മറുപടി നൽകി. തദ്ദേശസ്വയംഭരണ(ആർ.ഡി.) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി 2/15/ ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം പെർമിറ്റ് എടുക്കാതെ പുർണ്ണമായും ക്രമവത്ക്കരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും, രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതിനാൽ സിസ്റ്റം ജനറേറ്റ് ചെയ്തു വരുന്ന തുക കറവാണെങ്കിൽ അത്തരം കുറവ് പരിഹിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ അത്തരം നടപടികൾ ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. കുറവായി ഈടാക്കിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് സംഭവിക്കുന്ന നഷ്ടത്തിന് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും സെക്രട്ടറിയും ഉത്തരവാദികളാകുന്നതാണ്. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഭരണസമിതിയും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങൾക്ക് യു/എ നമ്പർ നൽകൽ - സർക്കാർ നിർദേശം പാലിച്ചില്ല.

കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിടനമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും, ഇപ്പോൾ പൂർത്തിയാക്കിയിട്ടുള്ളതുമായ 150 sqm വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് നിയമം 235(എ.എ.),235(ഡബ്യു) എന്നീ വകുപ്പുകളിൽ അനുശാസിക്കും വിധം താല്കാലിക റസിഡൻഷ്യൻ സർട്ടിഫിക്കറ്റ് നൽകാൻ അതാത് പഞ്ചായത്തുകൾക്കും, മുൻസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തദ്ദേശസ്വയം ഭരണ (ആർ.എ) വകുപ്പിന്റെ 16-11-2016-ാം തിയതിയിലെ ത.സ്വ.ഭ.വ സ.ഉ(എം.എസ്)നം.170/2016 ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

മറ്റ് അപേക്ഷകൾ കെട്ടിട ഉടമ ഫോറം 1A-യിൽ അപേക്ഷ പൂരിപ്പിച്ച് നിശ്ചിത ഫീസ് ഒടുക്കി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ സമർപ്പിക്കണം. അപേക്ഷ യഥാവിധി പരിഗണിച്ച് ഫോറം 1B-യിൽ സെക്രട്ടറി റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസറുടെ റിപ്പോർട്ടോടുകൂടി സർക്കാറിന് സമർപ്പിക്കുകയും ചെയ്യണം. സർക്കാർ യുക്തമെന്ന് തോന്നുന്ന പക്ഷം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള രാജിയാക്കൽ ഫീസ് ഈടാക്കി കൊണ്ടും മറ്റ് നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അതു ചേർത്ത് ക്രമവത്കരണത്തിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ ഉത്തരവ് നടപ്പിലാക്കാനുള്ള ചുമതല സെക്രട്ടറിക്കാണ്. എന്നാൽ മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ അപേക്ഷകളിൽ ചുവടെ ചേർക്കുന്ന 7 കെട്ടിടങ്ങൾക്ക് യു./എ.നമ്പർ നൽകി.

| ക്രമനം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിൻെറ വിസ്തീർണ്ണം |
|---|---|---|---|
| 1 | 11/42 | ഫ്രാൻസിസ് മേരിക്കുഞ്ഞ് | 153 $m^2$ |
| 2 | 10/207 | താർസിസ് | 152 $m^2$ |
| 3 | 8/153 | ക്രിസ്തുദാസ് | 162.04 $m^2$ |
| 4 | 17/134 | ബനാൻസ് ലോപ്പസ് | 248.68 $m^2$ |

| | | | |
|---|---|---|---|
| 5 | 9/182 | നെൽസൻ | 156.77 $m^2$ |
| 6 | 1/114 | ഷാജി | 187.54 $m^2$ |
| 7 | 18/121 | രാജു | 167.72 $m^2$ |

Regularisation of Unauthorised Construction-Rules-2014-പ്രകാരം മേൽ വിവരിച്ച ഓരോ കെട്ടിടങ്ങളും ക്രമവത്കരണത്തിനുള്ള അപേക്ഷയോടൊപ്പം നിശ്ചിത ഫീസും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. അതു പ്രകാരം 100m$^2$ മുതൽ 200m$^2$ വരെ വിസ്തീർണമുള്ള മേൽ വിവരിച്ച 6 കെട്ടിടങ്ങൾക്ക് 2500/-രുപ 15000/- രൂപയും, ക്രമ നമ്പർ 4-ാമത്തെ കെട്ടിടത്തിന് 200 m$^2$ നു മുകളിൽ വിസ്തീർണ്ണമുള്ളതിനാൽ 5000/- രൂപയും ഉൾപ്പെടെ 20000/- രൂപ പഞ്ചായത്തിൽ അടയ്ക്കേണ്ടതായിരുന്നു. മേൽ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാതെ 7 കെട്ടിടങ്ങൾക്കും യു/എ നമ്പർ നൽകിയതിനാൽ പഞ്ചായത്തിന് 20000/-രൂപ നഷ്ടപ്പെട്ടു. ഈ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 44/2020-ന് മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടങ്ങൾക്ക് യു/എ നമ്പർ നൽകുമ്പോൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. 150 sqm ന് മുകളിലുള്ള അനധികൃത വാസഗൃഹ നിർമ്മാണങ്ങളുടെ ക്രമവത്ക്കരണ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കേണ്ടതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഇപ്രകാരമുള്ള ക്രമവിരുദ്ധ നടപടികൾ പരിഹരിക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങൾക്ക് നമ്പർ നൽകൽ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

കെട്ടിടനമ്പർ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ വിവരിക്കുന്നു.

എ). കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരം പെർമിറ്റ്, കെട്ടിട നിർണ്ണയം, നമ്പറിംഗ് എന്നിവ ഒരേ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാകോളങ്ങളും പൂരിപ്പിച്ചിട്ടില്ല. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കതിരെ ഉയരുന്ന ആരേപണങ്ങൾക്ക് അടിസ്ഥാനമാകുന്ന കാരണങ്ങൾ ഒഴിവാക്കുന്നതിന് കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതും ഇത് സെക്രട്ടറി കൃത്യമായും പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് 29-01-2010-ൽ പുറപ്പെടുവിച്ച ത.സ്വ.ഭ.വ-ആർ.എ. 1/444/2019 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വീഴ്ച സർക്കാർ ഗൗരവമായി കാണുന്നതും, കാരണക്കാരായ ജീവനക്കാർക്കെതിരെ മേൽ ഉത്തരവ് പ്രകാരം വകുപ്പ് തല നടപടി സ്വീകരിക്കുമെന്നതിനാൽ ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി പാലിക്കാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ബി). കെട്ടിട നമ്പർ ലഭിക്കുന്നതിനായി സമർപ്പിക്കുന്ന കംപ്ലീഷൻ പ്ലാനിൽ സർവീസ് പ്ലാൻ സൂക്ഷിച്ചിട്ടില്ല.

സി). സൈറ്റ് പ്ലാൻ 1:400 എന്ന തോതിൽ വരച്ചിട്ടില്ല.

ഡി). കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന വസ്തു ചേർന്ന് കടന്ന് പോകുന്ന റോഡുകളുടെ വീതി ഭൂരിഭാഗം കംപ്ലീഷൻ പ്ലാനിലും രേഖപ്പെടുത്തുന്നില്ല; കംപ്ലീഷൻ പ്ലാനിൽ 5 മീറ്റർ റോഡ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നിയമപ്രകാരമുള്ള നികുതി വർദ്ധനവ് നൽകി

ഈടാക്കിയിട്ടില്ല.

ഇ). പൂർത്തിയായ കെട്ടിടങ്ങൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥർ പരിശോധനയിൽ കണ്ടെത്തുന്ന ആവശ്യം വേണ്ട വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തുന്നില്ല.

എഫ്). പൂർത്തികരിച്ച കെട്ടിടങ്ങളുടെ പരിശോധനാ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഫോറം നമ്പർ 6 അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് കെട്ടിട നികുതി നിർണ്ണയ നടപടികൾ സുഗമമാക്കുന്നതിനും അതിലൂടെ ഈയിനത്തിലെ തനത് വരവ് വർദ്ധനവ് ഉറപ്പാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-15 കെട്ടിട നികുതി നിർണ്ണയം - റോഡ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

കെട്ടിട നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് 16-4-97-ലെ ത.സ്വ.ഭ.വ.15018/c1/97 നമ്പർ ഉത്തരവ് പ്രകാരം 3 മിറ്റർ ദൂരപരിധി ബാധകമാക്കേണ്ടതായ പഞ്ചായത്തിലെ ഏതെല്ലാം റോഡുകളും, പൊതുവഴികളുമായിരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് യോഗം ചേർന്ന് നിശ്ചയിക്കേണ്ടതാണ്. ഏതേത് റോഡുകളുടെ അതിരിൽ നിന്നാണ് 3 മീറ്ററിനുള്ളിൽ കെട്ടിട പണി നിരോധിക്കേണ്ടതെന്ന് ഓരോ റോഡിന്റെയും പ്രാധാന്യം, വികസന സാധ്യത, അവിടത്തെ ജന-വാഹന സാന്ദ്രത, നിലവിലുള്ള വീതി, നീളം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വേണം തീരുമാനിക്കാൻ. ഇപ്രകാരം പഞ്ചായത്ത് യോഗം ചേർന്ന് തയ്യാറാക്കുന്ന റോഡ് ലിസ്റ്റ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യപ്പെടുത്തേണ്ടതാണ്. റോഡ് ലിസ്റ്റിൽ ഉൾപ്പെട്ടതും 6 മീറ്ററിൽ കൂടുതൽ വീതിയുള്ള എല്ലാ റോഡുകളോടും ചേർന്ന് കിടക്കുന്ന ഭൂമിയിൽ 3 മീറ്ററിനുള്ളിൽ കെട്ടിട നിർമ്മാണവും, വിജ്ഞാപനം ചെയ്യാത്ത മറ്റ് റോഡുകളിൽ 2 മീറ്ററിനുള്ളിലെ കെട്ടിട നിർമ്മാണവും നിരോധിക്കേണ്ടതുമാണ്. കൂടാതെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ഭേദഗതി ചെയ്യപ്പെട്ട 220 B പ്രകാരം ദേശീയ പാതകൾ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ , പഞ്ചായത്ത് റോഡ് മാപ്പിൽ ഉൾപ്പെട്ട ഭൂമി എന്നിവയോട് ചേർന്ന് ഒരാൾ തന്റെ ഭൂമിയുടെ അതിരിൽ നിന്ന് 3 മീറ്ററിൽ കുറയാത്ത ദൂരത്തിനുള്ളിൽ കെട്ടിടമോ എടുപ്പോ നിർമ്മിക്കാനോ പാടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് അത്തരത്തിലുള്ള റോഡ് ലിസ്റ്റ് തയ്യാറാക്കി പരസ്യപ്പെടുത്തിയതായ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. റോഡ് ലിസ്റ്റ് തയ്യാറാക്കി പരസ്യപ്പെടുത്തുന്നതിനായി പഞ്ചായത്ത് കമ്മിറ്റി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 കെട്ടിടനികുതി-വിമുക്ത ഭടനിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല.

26-05-2017-ലെ സ.ഉ.കെ.106/2017/ത.സ്വ.ഭ.വകുപ്പ് ഉത്തരവ് പ്രകാരം വിമുക്തഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000.ച.അടി (200.$m^2$) വരെ വിസ്തൃതിയുള്ള വീടുകളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതും 200$m^2$-ന് കൂടുതലാണെങ്കിൽ അധിക വിസ്തീർണത്തിന് നികുതി ബാധകമാക്കിയിട്ടുള്ളതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2-ാം വാർഡിലെ ദേവിസ് സിൽവിസ്റ്റർ എന്ന വിമുക്ത ഭടന്റെ ഉടമസ്ഥതയിലുള്ള 91 A നമ്പർ കെട്ടിടം 225.95$m^2$ വിസ്തീർണം ഉള്ളതാണെങ്കിലും അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിടനികുതി പൂർണ്ണമായും ഒഴിവാക്കി നൽകി. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 48-ന് നൽകിയ മറുപടിയിൽ അധികമായ 25.95$m^2$-വിസ്തീർണത്തിന് നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. 25.95$m^2$-വിസ്തീർണത്തിന് നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വിമുക്ത ഭടൻമാരുടെ കെട്ടിടങ്ങളെ സംബന്ധിച്ച

രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും 2018-19 ആദ്യപകുതിയിൽ, നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നിന്നും കുറഞ്ഞ തുകയാണ് ഒടുക്കിയിരിക്കുന്നത്.

| പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|
| സജിത്ത്.വി.ജെ (ക്ലാർക്ക്, സി.എച്ച്.സി, പുല്ലുവിള) | 3,97,110/- | 600/- | 1250/- | 650/- |
| സരിഗ.യു.വി (ഫാർമസിസ്റ്റ്, സി.എച്ച്.സി, പുല്ലുവിള) | 1,27,105/- | 1000/- | 1250/- | 250/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം:31/2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുക അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 FATEOS ലൈസൻസ് നൽകുന്നതിൽ അപാകതകൾ

പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന FATEOS ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെടുന്ന ട്രെയിഡേഴ്സ് ലിസ്റ്റും തയ്യാറാക്കിയിട്ടില്ല. മുൻ വർഷത്തെ അപേക്ഷിച്ച് ഈയിനത്തിലുള്ള വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. ഓഡിറ്റിന് സമർപ്പിച്ച അപേക്ഷകൾ, രജിസ്റ്റർ എന്നിവയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൾ പൂർണ്ണമായും പൂരിപ്പിച്ചിട്ടില്ല.
2. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിച്ചിട്ടില്ല.
3. എയ്ഞ്ചൽ എൻജിനീയറിംഗ് വർക്സ്, മാതാ എൻജിനീയറിംഗ് എന്നീ സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഹാജരാകാതെ ലൈസൻസ് അനുവദിച്ചു.
4. ലൈവ്സ്റ്റോക്ക് റൂൾസ് അനുസരിച്ച് പൗൾട്രി ഫാമുകൾക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്. എന്നാൽ, എസ്.പി പൗൾട്രി ഫാം, DM ബ്രോയിലർ എന്നീ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് മാത്രമാണ് അനുവദിച്ചിരിക്കുന്നത്. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചുള്ള ലൈസൻസ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ എടുത്തിട്ടില്ല.

5. വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ പ്ലാന്റോ ഉപയോഗിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുസരിച്ചുള്ള ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, അപേക്ഷകൾ പൂർണമായും പൂരിപ്പിക്കാത്തതിനാലും അവശ്യ രേഖകൾ ഹാജരാകാത്തതിനാലും യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസരിച്ചുള്ള ഫീസ് കണക്കാക്കുവാൻ സാധിച്ചിട്ടില്ല . ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്. | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1. | അനൂപ് ഫ്ലവർ മിൽ | 10 | ഈടാക്കിയിട്ടില്ല | 100/- |
| 2. | അജിൻ ഓയിൽ മിൽ | 38 | ഈടാക്കിയിട്ടില്ല | 400/- |
| 3. | മാതാ എഞ്ചിനീയറിംഗ് വർക്സ് | 5 | ഈടാക്കിയിട്ടില്ല | 50/- |
| 4. | എസ്. എൽ ഫ്ലവർ മിൽ | ലഭ്യമല്ല | ഈടാക്കിയിട്ടില്ല | |
| 5. | എസ്. എ ഹോളോബ്രിക്ക്സ് | ലഭ്യമല്ല | ഈടാക്കിയിട്ടില്ല | |
| 6. | സെന്റ് ആന്റണീസ് ഫ്ലവർ മിൽ | ലഭ്യമല്ല | ഈടാക്കിയിട്ടില്ല | |
| 7. | സെന്റ് ജൂഡ് ഫ്ലവർ മിൽ | ലഭ്യമല്ല | ഈടാക്കിയിട്ടില്ല | |
| 8. | ഏഞ്ചൽ എഞ്ചിനീയറിംഗ് വർക്സ് | ലഭ്യമല്ല | ഈടാക്കിയിട്ടില്ല | |

6. ദേവി ഹോട്ടൽ, ഓറിയന്റൽ റസ്റ്റോറന്റ്, ഷാഹിന ഫാസ്റ്റ് ഫുഡ്, ആതിര കാറ്ററിങ് സർവീസ് എന്നീ സ്ഥാപനങ്ങൾക്ക് FSSAI സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് അനുവദിച്ചു.

7. ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ വനിതാ വികസന പ്രോജക്ടുകളിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ, FATEOS ലൈസൻസ് ഇല്ലാതെയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

   1. ശില്പ കാറ്ററിംഗ് സർവീസ്, പുതിയതുറ
   2. മീന സൗണ്ട്സ്, പുതിയതുറ
   3. അമ്മ ഡെക്കറേഷൻസ്, പുതിയതുറ
   4. നക്ഷത്ര ഡിജിറ്റൽ സ്റ്റുഡിയോ, കരുംകുളം
   5. അനിഫാ ഓഫ്സെറ്റ് പ്രസ്സ്, പുതിയതുറ
   6. ഏഞ്ചൽ കാറ്ററിംഗ് സർവീസ്, കരുംകുളം

8. (സി.എസ്). എ9- 764/2019 പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് പരിധിയിൽ ഉള്ള റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.16/2020-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ അപാകതകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും അപാകതകൾ പരിഹരിച്ച് തനത്

വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രെയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ഇ - ടെൻഡർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

2018 – 19 ൽ ഇ ടെൻഡർ മുഖേന നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫോറം വിലയിനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട 277277/-രൂപ നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം52/2020 തീയതി 3.2020) ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഇ-ടെൻഡർ ഫോമിന്റെ വില സംഗ്രഹിച്ച് കൊടുക്കാൻ ജില്ലാ പഞ്ചായത്തിൽ നിന്നും നിർദേശിച്ചതിനാൽ വിവരങ്ങൾ നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. സത്വര നടപടികൾ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

## 1-20 വർക്കേഴ്സ് വെൽഫയർ ഫണ്ടിന് ഈടാക്കുന്ന തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് സെസ്സ് ആക്ട് സെക്ഷൻ 3(2) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബില്ലുകളിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ ഒടുക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. കേരള സർക്കാർ ഇത് ഒരു ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജിനത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (സെക്ഷൻ 3(3)). എന്നാൽ മേൽ പറഞ്ഞ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. 2018-19 ൽ ഈയിനത്തിൽ 369963/- രൂപ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ ഒരു ശതമാനം 3700/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ട്. വരും വർഷങ്ങളിൽ കളക്ഷൻ ചാർജ്ജ് ഈടാക്കി തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികളുടെ ദീർഘീകരണ കാലയളവ് - നിർദേശങ്ങൾ പാലിക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര് പൊടുവയൽ പനയടിത്തട്ട് റോഡ് ഒന്നും രണ്ടും ഘട്ട ടാറിംഗ്

പ്രോജക്ട്നം 213/19

അടങ്കൽ തുക 448892/- (MF R)

ചെലവ് തുക 448869/-

ബിൽ നം 18020452013200350285, 21.7.2018

കരാറുകാരൻ ശ്രീ. എസ് രാജൻ

എം ബുക്ക് നമ്പർ 467/17-18

മേൽ പദ്ധതിയുടെ കരാർ ഒപ്പിട്ടിരിക്കുന്നത് 30.12.2017 ലും പ്രവൃത്തി പൂർത്തീകരിച്ചത് 25.4.2018 ലുമാണ്. എൽ എസ് ജി ഡി അതിയന്നൂർ സബ്ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടിക്രമം അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് മൂന്ന് മാസമായി നിജപ്പെടുത്തിയിട്ടുണ്ട്. ദീർഘീകരണ കാലയളവിന് അപേക്ഷ സമർപ്പിക്കുകയോ അനുവദിച്ച്

നൽകുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/2020) മറുപടി ലഭ്യമാക്കിയെങ്കിലും പിഴ ഈടാക്കാത്തതിന് വിശദീകരണം നൽകിയില്ല. ഭാവിയിൽ ദീർഘീകരണം ആവശ്യമായി വരുന്ന പ്രവൃത്തികളിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 സെക്ഷൻ 2112 പ്രകാരവും 18.8.2018 ലെ A.C2/223/15 തസ്വഭവ നം സർക്കുലർ പ്രകാരവുമുള്ള നടപടിക്രമം പാലിക്കേണ്ടതാണ്.

## 1-22 ഉത്ഘാടനങ്ങൾക്ക് അധിക ചെലവ്

സ.ഉ.(സാധാ) നം.3866/2015/തസ്വഭവ തീയതി 28.12.2015 പ്രകാരം മന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളുടെ ഉത്ഘാടനങ്ങൾക്കായി 25000/- രൂപയും മറ്റു ഉത്ഘാടനങ്ങൾക്കു 10,000/- രൂപയും പരമാവധി ചെലവു ചെയ്യാവുന്നതാണ്. മേൽ നിർദ്ദേശിച്ചിട്ടുള്ളതിലും അധികമായി ചെലവു ചെയ്തതിലൂടെ തനതു ഫണ്ടിൽ നിന്നും 14000/- രൂപയുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾക്കു ഖണ്ഡിക 3-1 കാണുക.

## 1-23 ശുചിത്വമിഷൻ ഫണ്ട് - വിനിയോഗ രേഖകൾ ലഭ്യമായില്ല - 1,80,000/- രൂപ തടസ്സപ്പെടുത്തുന്നു.

പകർച്ചവ്യാധി പ്രതിരോധന പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഫണ്ടായി ലഭിച്ച 1,80,000/- രൂപ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ക്ക് ചെക്ക് നമ്പർ 173652/13.06.2018 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവു രേഖകൾ പരിശോധനക്കു ലഭ്യമാക്കിയില്ല. കൂടാതെ, തുകയുടെ വിനിയോഗത്തിനായി 22.01.2018 ൽ പുറപ്പെടുവിച്ച സർക്കുലർ നം. 17/ഡിസി1/2018/തസ്വഭവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

1. എ) വാർഡുതല ആരോഗ്യ, ശുചിത്വ സമിതികൾ രൂപീകരിച്ച് തുക അവരുടെ അക്കൗണ്ടുകളിലേക്കാണു കൈമാറേണ്ടിയിരുന്നതെങ്കിലും മെഡിക്കൽ ഓഫീസർക്കാണു തുക നൽകിയിരിക്കുന്നത്. വാർഡുതല ആരോഗ്യ, ശുചിത്വ സമിതികൾ രൂപീകരിച്ചതിനുള്ള രേഖകളും ലഭ്യമായിട്ടില്ല.

   ബി) വാർഡുതല ശുചിത്വ സമിതി പ്രവർത്തനരേഖ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം നേടേണ്ടതും, തദനുസൃതമായ സമയക്രമങ്ങളിൽ പ്രവർത്തികൾ ഫലപ്രദമായി പൂർത്തിയാക്കേണ്ടതുമുണ്ട്. എന്നാൽ ഇപ്രകാരം പ്രവർത്തനരേഖ തയ്യാറാക്കിയിട്ടില്ല.

സി) വാർഡുതല ശുചിത്വ സമിതികളുടെ പ്രവർത്തനരേഖ പ്രകാരമുള്ള പ്രവർത്തനം കൃത്യമായി നടക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും, ചെലവു രേഖകൾ സമിതികളിൽ നിന്നും ശേഖരിച്ച് സൂക്ഷിക്കേണ്ടതും, ഭരണസമിതിയുടെ അംഗീകാരത്തോടെ വിനിയോഗസാക്ഷ്യപത്രം ഫണ്ട് ലഭ്യമാക്കിയ ഏജൻസിക്കു കൈമാറേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ചുള്ള ചെലവു രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/11.03.2020) മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകളുടെ അഭാവത്തിലും, സർക്കുലർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നിർവഹിച്ചിട്ടില്ലാത്തതിനാലും മെഡിക്കൽ ഓഫീസർക്കു കൈമാറിയ 1,80,000/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

## 1-24 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ രേഖകൾ ലഭ്യമല്ല - 767000/- രൂപ തടസ്സപ്പെടുത്തുന്നു.

വിവിധ കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന

പ്രകാരം തുക നൽകിയിരിക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് / നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | കാട്ടുവിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (45/19 ) | 319000/- എസ്.സി.പി. ഫണ്ട് | 319000/- | 44/12.12.2018 | സെക്രട്ടറി |
| 2 | വടവിങ്കര പാലോട്ടുവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി (149/19) | 170000/- എസ്.സി.പി. ഫണ്ട് | 170000/- | 149/18-19 /25.01.2019 | അസിസ്റ്റന്റ് സെക്രട്ടറി |
| 3 | 16-ാം നമ്പർ അംഗൻവാടി -കുടിവെള്ള പൈപ്പ് ലൈൻ വാർഡ് 18 (248/19) | 80,000/- വികസന ഫണ്ട് | 58,000/- | 56/05.02.19 | സെക്രട്ടറി |
| 4 | കുഴിഞ്ഞവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 6 | 220000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 220000/- | 1 ലക്ഷം, 43/12.12.18<br>120000, 47/20.12.18) | സെക്രട്ടറി |
| | | ആകെ | 767000/- | | |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് , സാങ്കേതികാനുമതി എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. 28.12.2018 ലെ നം. ഡിഎ1/881/2018/തസ്വഭവ സർക്കുലറിലൂടെ കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിക്ഷേപ പ്രവൃത്തികൾക്കുള്ള തുക കൈമാറാവൂ എന്നും, തുകയുടെ ഉപയോഗവും, പദ്ധതി നിർവഹണവും തദ്ദേശ സ്ഥാപനങ്ങൾ മോണിട്ടർ ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2. തുക കൈമാറുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

3. ക്രമ നം 1,2 എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി 01.01.2020 ൽ തയ്യാറാക്കിയിട്ടുള്ള കരാറിന്റെ പകർപ്പ് ഫയലിൽ ലഭ്യമാണെങ്കിലും, ഇതിൽ വാട്ടർ അതോറിറ്റി ഒപ്പു വച്ചിട്ടില്ല. ഒറിജിനൽ കരാർ പരിശോധനക്കു ലഭ്യമാക്കിയില്ല. ക്രമ നം 3,4 പദ്ധതികൾ നടപ്പാക്കുന്നതിന് നിയമപ്രകാരമുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ പത്രത്തിൽ പ്രവർത്തി പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല.

4.പ്രോജക്ട് അംഗീകരിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് , സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവയൊന്നും തന്നെ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല.

6. പ്രവൃത്തി ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതി നിരീക്ഷിച്ചതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. പരാമർശം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനു (നം. 12/12.03.2020) മറുപടി ലഭ്യമാക്കിയില്ല.

മേൽ പദ്ധതികൾക്കായി തുക കൈമാറിയ നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായതിനാലും, പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, വിനിയോഗ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും പദ്ധതികൾക്കായി ചെലവു ചെയ്ത തുക തടസ്സപ്പെടുത്തുന്നു.

## 1-25 പി.എം.എ.വൈ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമായില്ല -

16,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

പി.എം.എ.വൈ. വിഹിതം നൽകൽ എന്ന പദ്ധതിയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുക അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്.

| ക്രമ | പ്രോജക്ട് നം | ചെലവ് തുക/ ഫണ്ട് | ബിൽ നം തീയതി |
|---|---|---|---|
| 1 | 85/19 | 420000/- എസ്.സി.പി. | 42, 29.11.2018 |
| 2 | 83/19 | 700000/- വികസന ഫണ്ട് | 23/31.08.2018 |
| 3 | 23/19 (2017-18) ജനറൽ | 500000/- | 22/31.08.2018) |

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പദ്ധതി നടപ്പാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതിരേഖ തയ്യാറാക്കുന്നതിനു മുൻപ് സ്ഥാപനങ്ങൾ തമ്മിൽ ചർച്ച ചെയ്യേണ്ടതും കരാറിൽ ഏർപ്പെടേണ്ടതുമുണ്ട്. പ്രസ്തുത നടപടികളൊന്നും സ്വീകരിക്കാതെയാണ് പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിനു തുക കൈമാറിയിട്ടുള്ളത്. പദ്ധതിക്കായി ഗുണഭോക്താക്കളുടെ ലിസ്റ്റ് കൈമാറിയതിനുള്ള രേഖകളും ലഭ്യമാക്കിയില്ല. ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കാത്തതിനും ഡിമാന്റ് ലെറ്ററിന്റെ അഭാവത്തിൽ തുക നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 5/20) ഗുണഭോക്തൃലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ലായെന്നും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിനാലുമാണ് തുക കൈമാറിയതെന്നുമാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത് .

സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും, പദ്ധതി തുകയുടെ വിനിയോഗ രേഖകളും, ആനുകൂല്യം ലഭിച്ചവരുടെ വിവരങ്ങളും ലഭ്യമല്ലാത്തതിനാലും, പദ്ധതിക്കായി വിനിയോഗിച്ച തുക 16,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ആദായനികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ (157/19) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,50,000 /- പൊതുവിഭാഗം (സാ.ധാ) |
| ചെലവ് | 1,03,598 /-<br>(Bill no 10/08.07.18- 59708<br>Bill no 27/29.09.18 – 36090<br>Bill No 78/26.03.19- 7800) |

കരുംകുളം ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള കൺസൾട്ടൻസി ആയി M/s SFO Technologies Pvt Ltd നെയും Certification and Auditing Agency ആയി M/s IQC Pvt Ltd നെയും ഗ്രാമപഞ്ചായത്ത് നിയോഗിച്ചിരുന്നു. പ്രോജക്ട് പ്രകാരം M/s SFO Technologies Pvt Ltd ന് 30680/-രൂപയും M/s IQC Pvt Ltd 29028/-രൂപയും നൽകിയിട്ടുണ്ട്. പ്രൊഫഷണൽ സർവീസിംഗ് ഏജൻസിയായ M/s SFO Technologies Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും ആദായ നികുതി നിയമം 1961, വകുപ്പ് 194 ജെ പ്രകാരം ഈടാക്കേണ്ടിയിരുന്ന 10% ആദായനികുതിയായ 3068/- രൂപ ഈടാക്കിയിട്ടില്ല.തുക ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ആദായനികുതി ഈടാക്കാൻ ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം 18/2020 തീയതി 13.03.2020 ന് സെക്രട്ടറി മറുപടി നൽകി.

## 1-27 തെരുവുവിളക്ക് പരിപാലനം – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല,

| | |
|---|---|
| പ്രോജക്ട് നം | തെരുവുവിളക്ക് റിപ്പയർ 300/19 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 300000/- തനത് ഫണ്ട് |
| ചെലവ് | 96250 /- (Cheque no 2617903/TSB 31.03.19- 86300+9950) |

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റൻസിനായി നടപ്പിലാക്കിയതാണ് ഈ പദ്ധതി. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 6.1 ലെ വ്യവസ്ഥകൾ പ്രകാരമുള്ള ആവശ്യകതാ നിർണ്ണയം നടത്താതെയാണ് പ്രോജക്ട് രൂപീകരിച്ച് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്ക് എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തി വേണം ആവശ്യകതാ നിർണയം നടത്തേണ്ടിയിരുന്നത്.

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം എഴുതി ആധികാരികമാക്കി സൂക്ഷിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ പരിപാലിക്കേണ്ടതും സെക്രട്ടറിയുടെ ചുമതലയാണ്. തെരുവുവിളക്ക് രജിസ്റ്റർ,പരാതി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

(ബി) പഞ്ചായത്തിലെ തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നതിന് ഇലക്ട്രിഷ്യനായ ശ്രീ സുരേഷ് ടി, യുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ശ്രീ.സുരേഷ് പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ എത്ര രൂപക്കാണ് കരാർ ചമച്ചതെന്നോ , പ്രവർത്തി പൂർത്തീകരിച്ചു നൽകുന്ന തീയതി തുടങ്ങി അവശ്യവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ, പഞ്ചായത്ത് രാജ് ആക്ട് എന്നിവയിൽ നിഷ്കർഷിക്കുന്ന അവശ്യവിവരങ്ങൾ ഒന്നും ഇല്ലാതെ ചമച്ച കരാറിന് നിയമപരമായി നിലനിൽപ്പില്ല.

(സി) ഉപയോഗശൂന്യമാകുന്ന തെരുവുവിളക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതായി അതാത് വാർഡുകളിലെ മെമ്പർമാർ അറിയിക്കുന്ന മുറയ്ക്ക് കരാറുകാരന് തുക നൽകുകയാണ് ചെയ്തിരിക്കുന്നത്.

തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിയ്ക്കുകയും ചെയ്യുക എന്ന ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലാ നിർവഹണത്തിന്റെ ഭാഗമായ തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ, പരിപാലനം എന്നിവയ്ക്കായി മാനദണ്ഡങ്ങൾ പാലിച്ച് തുക ചെലവഴിയ്ക്കുവാനും ചെലവുകളെ സാധൂകരിയ്ക്കുന്ന രേഖകളും രജിസ്റ്ററുകളും പരിപാലിയ്ക്കുവാനുമുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ പൊതുഭരണ ചുമതലയുള്ള ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും വൈദ്യുതി എന്ന വിഷയമേഖല കൈകാര്യം ചെയ്യുന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ നിർവഹണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം24/20 തീയതി 13.03.2020 ) ജനങ്ങളിൽ നിന്നുള്ള നിരന്തരമായ പരാതിയുടെ അടിസ്ഥാനത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് അതത് വാർഡ് അംഗങ്ങൾ എഴുതി തരുന്ന പോസ്റ്റ് നമ്പരുകൾ പരിശോധിച്ച് ആവശ്യമുള്ള തെരുവുവിളക്കുകൾ ആണ് മെയിന്റനൻസ് നടത്തിയത് എന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത് .

## 1-28 പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനമില്ല- മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സെർവ്വർ റൂമിന് എ . സി സ്ഥാപിക്കൽ |
| പ്രോജക്ട് നം | 5/19 |
| അടങ്കൽ | 50000( പൊതുവിഭാഗം . സാധാ) |
| ചെലവ് | 47400( 5/29.06.2018) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സെർവറിന്റെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. കരുംകുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.05.2018 ലെ 17(3)-ആം നമ്പർ തീരുമാന പ്രകാരം ജനറേറ്റർ ലഭ്യമാക്കുന്നതിന് ടെണ്ടർ ലഭ്യമാക്കിയ സാധുവായ 2 സ്ഥാപനങ്ങളുടെ ടെണ്ടർ കമ്മിറ്റി പരിശോധിച്ചിട്ടുണ്ട്. വിശദാംശം ചുവടെ

| സ്ഥാപനത്തിന്റെ പേര് | ഇനം | ക്വാട്ട് ചെയ്ത തുക |
|---|---|---|
| ഹാർമണി എഞ്ചിനീയേഴ്സ് | 1.5 tonne Voltas Inverter type | 47524/- |
| എ.ബി എന്റർപ്രൈസസ് | 1.5 tonne , Lloyd 5 Star | 46400/- |

ഇവയിൽ എ.ബി എന്റർപ്രൈസസ് ആണ് കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും Lloyd കമ്പനിയേക്കാൾ പോപ്പുലർ ബ്രാൻഡ് ആയ വോൾട്ടാസ് കമ്പനിയുടെ എ.സി സ്ഥാപിക്കുന്നതിന് ടെണ്ടർ രേഖപ്പെടുത്തിയ ഹാർമണി എഞ്ചിനീയേഴ്സ്, തുറുവിക്കൽ എന്ന സ്ഥാപനത്തന്റെ ടെണ്ടർ അംഗീകരിക്കുന്നതിനും സെലക്ഷൻ നോട്ടീസ് നൽകി പദ്ധതി നടപ്പിലാക്കുന്നതിനും ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് .

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ ജി.ഒ (പി) നം 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് ടീം രൂപീകരിക്കേണ്ടതും വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും, എ.സി വാങ്ങുന്നതിനായി വാങ്ങൽ കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുകയോ, കൂടിയ ടെണ്ടർ അംഗീകരിക്കാനുള്ള ശുപാർശ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല.

പഞ്ചായത്ത് കെട്ടിടത്തിലേയ്ക്ക് ജനറേറ്റർ വാങ്ങുന്നതിനുള്ള പ്രോജക്ട് നം 185/19 ഉം ഇപ്രകാരം ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടിയ നിരക്കിലുള്ള ടെണ്ടറാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്.

പ്രൊക്യുർമെന്റ് കമ്മിറ്റി പഞ്ചായത്തിൽ നിലവിലുണ്ട് എന്നും പ്രൊക്യുർമെന്റ് കമ്മിറ്റി കൂടുന്നതിനുമുൻപ് തന്നെ പഞ്ചായത്ത് കമ്മിറ്റി ടെണ്ടറുകൾ അംഗീകരിച്ചിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പർച്ചെയ്സ് ഓർഡർ നൽകി സാധനങ്ങൾ

വാങ്ങുകയായിരുന്നുവെന്നുമാണ് ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടി ( നം6/12.03.2020)

ഇപ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അഭാവത്തിൽ , ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കുറഞ്ഞ ടെണ്ടർ ഒഴിവാക്കി കൂടിയ ടെണ്ടർ അംഗീകരിച്ച്, ജനറേറ്റർ വാങ്ങിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. വാങ്ങലുകൾ സുതാര്യമായിരിക്കേണ്ടതും, സർക്കാർ മാർഗനിർദ്ദേശം പാലിക്കാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 ടെണ്ടർ രജിസ്റ്റർ - യഥാവിധി പരിപാലിക്കുന്നില്ല-

പഞ്ചായത്തിലെ വിവിധ ടെണ്ടറുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കേരള സ്റ്റോർ പർച്ചെയ്സ് മാനുവൽ 2013, ഖണ്ഡിക 9.2 ൽ പരാമർശിക്കും പ്രകാരം (കേരള ഫിനാൻഷ്യൽ കോഡ് വാല്യം 2) ടെണ്ടർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറും ക്രമനമ്പരിട്ട് തീയതിയും സമയവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ടെണ്ടർമാർ/ പ്രതിനിധികളുടെ പേര് രജിസ്റ്ററിലെ ഉചിതമായ കോളത്തിൽ ചേർക്കുന്നില്ല. രജിസ്റ്ററിൽ ടെണ്ടറിൽ പങ്കെടുത്തവർ ഒപ്പ് രേഖപ്പെടുത്തുന്നില്ല, വിജയിയായ ടെണ്ടറുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സെക്രട്ടറി/ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-30 ഡെപ്പോസിറ്റ് വർക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം - സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ ആന്റ് പോസ്റ്റ് ഷിഫ്റ്റിംഗ്( 4/19)

| അടങ്കൽ | 1663171 ( ധനകാര്യകമ്മിഷൻ അവാർഡ്) |
|---|---|
| ചെലവ് | 1663171(536690/12—28.07.18<br>241034/33—15.11.18<br>195269/40—28.11.18<br>290856/46—20.12.18<br>24074/54—17.01.19<br>375248—73/26.03.2019 |

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്.

സ.ഉ (കൈ) നം11/2018 തസ്വഭവ തീയതി 29.01.2018 ഖണ്ഡിക 11.(ഡി) പ്രകാരം പഞ്ചായത്ത് കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടശേഷം മാത്രമേ തുക കൈമാറാൻ പാടുള്ളു. എന്നാൽ പഞ്ചായത്ത് കെ.എസ്.ഇ. ബി യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ധനകാര്യപത്രികയിൽ (ആർ പി 47) തുക കെ.എസ്.ഇ. ബിയ്ക്ക് മുൻകൂർ നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല.

കെ.എസ്.ഇ.ബി യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും കെ.എസ്.ഇ.ബി യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി 1663171/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-31 എസ്.എസ്.എ വിഹിതം – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | എസ്.എസ്.എ വിഹിതം (8/19) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 18,00,000/- പൊതുവിഭാഗം (സാ.ധാ) |
| ചെലവ് | 18,00,000/- (Bill no 4/29.06.2018) |

പ്രോജക്ട് പ്രകാരം 18,00,000 /- രൂപ ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.

സർക്കാർ മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എസ്.എസ്.എ പദ്ധതികളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്തിൽ ഇത്തരത്തിൽ ആക്ഷൻ പ്ലാൻ തയാറാക്കുകയോ, എസ്.എസ്.എ യിൽ നിന്നും ലഭ്യമാകുന്ന വിവിധയിനം ചെലവുകളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് കൈമാറിയ തുകയ്ക്ക് കൈപ്പറ്റ് രസീത്/വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ചെലവിന്റെ വിശദമായ എസ്റ്റിമേറ്റും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 1800000/- തടസ്സപ്പെടുത്തുന്നു.

## 1-32 ചെലവ് തുക എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തിയില്ല - അധികം നൽകിയ തുക നിരാകരിക്കുന്നു.

വാറിൽ കുഴിഞ്ഞവിള നടപ്പാത കോൺക്രീറ്റ് എന്ന പദ്ധതിയുടെ ചെലവ് തുക എസ്റ്റിമേറ്റ് അളവിൽ പരിമിതിപ്പെടുത്താതെ അനുവദിച്ചതിനാൽ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക നിരാകരിക്കുന്നു. വിശദവിവരം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-33 സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയില്ല

സ്പിൽ ഓവർ ആകുന്ന പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർദേശിച്ചിട്ടുള്ളതാണ്. സുലേഖ ചെലവ് പത്രിക പ്രകാരം ഏഴ് സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. ഇതിന് കാരണം അറിയിക്കാൻ ആവശ്യപ്പെട്ട അന്വേഷണക്കുറിപ്പിന് (27/2020) രണ്ട് പദ്ധതികൾ പൂർത്തീകരിച്ചതായും ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ 2019-20 വർഷത്തിൽ തുക മാറി നൽകിയതായും അറിയിച്ചു. മറ്റുള്ളവ നടപ്പാക്കാത്തതിനുള്ള കാരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ തുക | ഫണ്ടിനം | പദ്ധതി നടപ്പാക്കാത്ത തിനുള്ള കാരണം (മറുപടി പ്രകാരം) |
|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസിന് കെട്ടിട നിർമ്മാണം (168/19) | 1498764 | വികസന ഫണ്ട് | സുലേഖയിലെ തകരാർ കാരണം സ്പിൽ ഓവർ ആക്കേണ്ടി വന്നു |

| | | | | |
|---|---|---|---|---|
| 2 | മേരിഗിരി കോളനി മലിന ജലം ഒഴിവാക്കൽ-വാർഡ് 3 (192/19) | 100000 | CFC Grant | ടെൻഡർ ചെയ്ത് എഗ്രിമെന്റ് വച്ചെങ്കിലും പരിസരവാസികളുടെ എതിർപ്പ് കാരണം നടപ്പിലാക്കിയില്ല. |
| 3 | ഉരിയരിക്കുന്ന് പൊതുകിണറിനടുത്ത് ടാങ്ക് നിർമ്മാണം (199/19) | 110000 | CFC Grant | മലിനജലം സംസ്ക്കരിക്കുന്നതിനുള്ള ടാങ്ക് പരിസരവാസികളുടെ എതിർപ്പ് കാരണം നടപ്പിലാക്കിയില്ല. |
| 4 | വനിതാ വികസന കേന്ദ്രം - കെട്ടിട നിർമ്മാണം വാർഡ് 17 (201/19) | 990000 | വികസന ഫണ്ട് | ടെൻഡർ ചെയ്ത് എഗ്രിമെന്റ് വച്ചെങ്കിലും പ്രവർത്തി ആരംഭിച്ചപ്പോൾ സ്ഥലം ലഭ്യമല്ലാതായി. |
| 5 | ആഴാംകാൽ നടപ്പാത ഇന്റർലോക്ക് വാർഡ് 10(219/19) | 289687<br>10313 | വികസന ഫണ്ട്<br>തനത് ഫണ്ട് | ഒരു വിഭാഗം പരിസരവാസികളുടെ എതിർപ്പ് കാരണം നടപ്പിലാക്കിയില്ല. |

മേൽ പട്ടികയിൽ പദ്ധതി നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ പദ്ധതി ആസൂത്രണത്തിന്റെയും രൂപീകരണത്തിന്റെയും വീഴ്ചകളാണ് സൂചിപ്പിക്കുന്നത്. മൽസ്യ വിപണന മേഖലയിലെ മലിനജല സംസ്ക്കരണം എന്നത് (ക്രമ നമ്പർ 2,3) അത്യന്താപേക്ഷമായതും അനിവാര്യവുമായ പദ്ധതിയായിരുന്നിട്ടും നടപ്പാക്കാൻ കഴിയാത്തത് ഭരണസമിതിയുടെ വീഴ്ചയാണ്. ഈ പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിലൂടെ തദ്ദേശവാസികളുടെ ആരോഗ്യ സംരക്ഷണമാണ് നിർവ്വഹിക്കപ്പെടാതെ പോകുന്നത്. പരിസരവാസികളുടെ എതിർപ്പ് കാരണം നടപ്പാക്കാത്ത പദ്ധതികളുടെ രൂപീകരണത്തിൽ വന്ന പിഴവും പരിശോധിക്കപ്പെടേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും ഈ വിഷയത്തിൽ സംഭവിച്ച അപാകതകൾ കണ്ടെത്തി ഭാവിയിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-34 കിളിത്തട്ട് കുടിവെള്ള പദ്ധതി - ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 190/19 |
| പ്രോജക്ടിന്റെ പേര് | കിളിത്തട്ട് കുടിവെള്ള പദ്ധതി |
| അടങ്കൽ തുക | 400000/- (സി എഫ് സി ഗ്രാന്റ്) |
| ചെലവ് തുക | 211575/- രൂപ , |
| ബിൽ നം | 17020452013200742089 തീയതി 28.11.2017 |

ഭൂജല വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസറുടെ എസ്റ്റിമേറ്റ് അനുസരിച്ച് ബോർ വെൽ കുഴിക്കുന്നതിനായി 211575/- രൂപ നൽകിയതിന്റെ അടിസ്ഥാനത്തിൽ 12.6.2018 ൽ പൂർത്തീകരണ, ധനവിനിയോഗ പത്രികകൾ ലഭ്യമാക്കിയിട്ടുണ്ട്. ധനവിനിയോഗ പത്രിക പ്രകാരം ട്യൂബ് വെൽ കുഴിക്കുന്നതിന് 209025/- രൂപ ചെലവായതായും 2550/- രൂപ ശേഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ഈ തുക നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/2020) തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-35 കടൽ തീരത്തെ പുറമ്പോക്ക് ഭൂമിയിലെ നിർമ്മാണങ്ങൾ - നിയമസാധുത ഉറപ്പാക്കേണ്ടതാണ്

കരുംകുളം വില്ലേജ് ഓഫീസറുടെ കൈവശ അവകാശ സർട്ടിഫിക്കറ്റ് പ്രകാരം 17 -ാം വാർഡ് അംഗൻവാടിയ്ക്ക് സമീപം പാർക്ക്, പി പി വിളാകത്ത് നെറ്റ് മെന്റിംഗ് യാർഡ് എന്നീ നിർമ്മാണങ്ങൾ നടന്നിരിക്കുന്നത് കടൽ പുറമ്പോക്ക് സ്ഥലത്താണ്. ഇവിടെ നിർമ്മാണം നടത്തുന്നതിന് തീരദേശ പരിപാലന സമിതിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ( 20/2020) മൽസ്യത്തൊഴിലാളികൾക്ക് ആവശ്യമായ നിർമ്മിതികൾക്ക് തീരദേശ പരിപാലന നിയമത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയെങ്കിലും അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ നിർമ്മിതികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന അന്വേഷണത്തിന് കടൽ പുറമ്പോക്കിൽ ഇപ്രകാരം നിർമ്മാണം നടത്തിയ മറ്റ് പ്രവൃത്തികൾ ഉൾപ്പെടെയുള്ളവയുടെ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്ററിർ തയ്യാറാക്കി വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. നിയമസാധുത ഉറപ്പാക്കി മാത്രം പദ്ധതി വിഹിതം ഇത്തരം നിർമ്മാണങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-36 പഞ്ചായത്ത് വക ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സത്വര നടപടികൾ അനിവാര്യം

13.6.2018 ലെ ഭരണസമിതി യോഗത്തിന്റെ അജണ്ട 9, തീരുമാനം (1) പ്രകാരം 3-ാം വാർഡിൽ പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി നിർമ്മാണ പ്രവൃത്തി നടത്തുന്നതിനാൽ സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ നെയ്യാറ്റിൻകര തഹസിൽദാരോട് അഭ്യർത്ഥിക്കാൻ തീരുമാനമുണ്ടായി. കൂടാതെ ഡോ.അംബേദ്കർ-ചാനൽക്കര റോഡ് അവസാനിക്കുന്ന ഭാഗത്ത് സർവ്വേ നം 168/5, പുറമ്പോക്ക് കൈയ്യേറ്റം ഉള്ളതായും സ്വകാര്യ ഭൂമിയിൽ പഞ്ചായത്ത് സൈഡ് വാൾ കെട്ടി റോഡ് നിർമ്മിച്ചതായും ശ്രീ.രവീന്ദ്രൻ എന്നയാൾ പരാതിപ്പെട്ടിരിക്കുന്നു. ഈ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുന്നതിന് 16.3.2020ലെ ഓഡിറ്റ് എൻക്വയറി നം 28 മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകളോ മറുപടിയോ ലഭ്യമാക്കിയില്ല. പൊതു സ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യാതെ സംരക്ഷിക്കുക എന്നത് അനിവാര്യ ചുമതലകളിൽ പെടുന്നതാണ്. കൂടാതെ 6-ാം നം അംഗൻവാടി നിർമ്മിക്കുന്നതിന് ശ്രീമതി. സുനിതകുമാരി എന്ന വ്യക്തി സൗജന്യമായി ഭൂമി നൽകിയതായി 13.6.2018 ലെ ഭരണസമിതി യോഗത്തിൽ അറിയിച്ചിട്ടുണ്ട്. സൗജന്യമായി ലഭിച്ച ഭൂമി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ ആസ്തിയെ സംബന്ധിച്ച ഗൗരവതരമായ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് അഭിലഷണീയമല്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും അടിയന്തിര പ്രാധാന്യം നൽകി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-37 തീരദേശ പരിപാലന നിയമം ലംഘിച്ച് കെട്ടിടനിർമ്മാണം വർധിക്കുന്നു.

പഞ്ചായത്ത് ഭൂമിയുടെ ഭൂരിഭാഗവും കടൽതീരം ചേർന്ന് സ്ഥിതിചെയ്യുന്നതിനാൽ സി.ആർ.ഇസഡ് സോണിലെ നിർമ്മാണങ്ങൾ പരിശോധിക്കേണ്ടതും നിയന്ത്രിക്കേണ്ടതും ഭരണസമിതിയുടെ ചുമതലയാണ്. സ്ഥല പരിശോധനാ വേളയിൽ ഇത്തരം നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, പഞ്ചായത്ത് പരിധിയിൽ തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പ് 51/2020-ന് സമർപ്പിച്ച മറുപടിയിൽ റീജണൽ ടൗൺ പ്ലാനറുടെ 23-10-2019-ലെ സി/562 /16-ാംനമ്പർ തപാൽ പ്രകാരം ആവശ്യപ്പെട്ടത് അനുസരിച്ച് കരുംകുളം ഗ്രാമപഞ്ചായത്തിൽ തീരദേശ പരിപാലന നിയമം ലംഘിച്ച് ആകെ 1964 കെട്ടിടങ്ങൾ ഉണ്ടെന്ന് 25-10-2019-ൽ എ2-4579/2019 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട ഇത്തരം ഗൗരവതരമായ വിഷയങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതും തീരദേശ പരിപാലന നിയമം ലംഘിച്ച് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാൻ ബോധവത്ക്കരണരണവും ആവശ്യമെങ്കിൽ നിയമനടപടികളും സ്വീകരിക്കേണ്ടതുമാണ്.

## 1-38 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ- ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

2018-2019 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് ഭരണ സമിതിയുടെ 11.07.2018 ലെ 2 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലിസ്റ്റിലെ ഭൂരിഭാഗം ഗുണഭോക്താക്കളും ഗ്രാമസഭാലിസ്റ്റിൽ (ഗ്രാമസഭമിനിട്സ് ബുക്ക് പ്രകാരം, ഗ്രാമസഭാലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല ) ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ

**<u>(എ) പ്രോജക്ട് നം - ഇടവിള കൃഷി 2018-19 (കിഴങ്ങ് വർഗ കിറ്റും ജൈവവളവും)(26/19)</u>**

അടങ്കൽ -203500/-

ചെലവ് - 203500/- (സുലേഖ പ്രകാരം)

ചെക്ക് നമ്പർ- 936883/28.3.18 21562/-, 324414/26.11.18 6563/-

ബിൽ നമ്പർ -10/14.3.19 175375/-

പദ്ധതി പ്രകാരം ആകെ 136 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടുള്ള ഗുണഭോക്തൃലിസ്ററിൽ ആകെ 149 പേർ ഉൾപ്പെട്ടിട്ടുണ്ട്. (കരുംകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.07.2018 ലെ 2(1)--ാം നമ്പർ തീരുമാനം). എന്നാൽ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ 41 പേരുടെ ലിസ്റ്റ് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വിവിധ വാർഡ് സഭ മിനിട്സുകൾ പരിശോധിച്ചതിൽ പദ്ധതിപ്രകാരം ധനസഹായം ലഭിച്ച പല ഗുണഭോക്താക്കളും ഗ്രാമസഭമിനിട്സിൽ ഉൾപ്പെട്ടിട്ടില്ല.

ഉദാഹരണമായി 4-ാം വാർഡിൽ (കരുംകുളം) ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്നവ്യക്തികൾ ഗ്രാമസഭ മിനിട്സിൽ ഉൾപ്പെട്ടിട്ടില്ല

| | | | | |
|---|---|---|---|---|
| എൻ. ശ്രീധരൻ | ലീല | വൈലറ്റ് സിസിലിറ്റ് ബായി | ശ്രീദേവി | കുമാരിഎം.എസ് |
| ഉണ്ണി കെ | വത്സല | ഗോമതി | വിജയകുമാരിഎസ് | കിരൺ |
| ഷീബാവിൽസ് | രാജയ്യൻ | ജോസ് | കെ അനിത | ലളിത ആർ |

| | | | | |
|---|---|---|---|---|
| ശ്രീമതി .എൻ | പ്രശാന്തിപി.എസ് | വേലമ്മഎസ് | അജിതകുമാരി | നിർമലസി.എസ് |
| ജയരാജ് | അജിത വി.എസ് | | | |

**(ബി) <u>പ്രോജക്ടിന്റെ പേര് - വീട്ടുവളപ്പിലും ടെറസ്സിലും പച്ചക്കറി കൃഷി(27/19)</u>**

**അടങ്കൽ-** 100000/-
ചെലവ് – 100000/- (സുലേഖ പ്രകാരം)
**ചെക്ക് നമ്പർ-** 324416/26.11.18 25000/-
ബിൽ നമ്പർ -3/27.11.19 75000/-
നിർവഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടുള്ള ഗുണഭോക്തൃലിസ്ററിൽ ആകെ 187 പേർ ഉൾപ്പെട്ടിട്ടുണ്ട്. (കരുംകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.07.2018 ലെ 2(2)--ാം നമ്പർ തീരുമാനം).

| ഗുണഭോക്തൃലിസ്റ്റിൽ 17-ാം വാർഡിൽ നിന്നുള്ളവരുടെ എണ്ണം | ഗ്രാമസഭമിനിട്സിൽ ഉൾപ്പെട്ടവരുടെ എണ്ണം (17-ാം വാർഡ്) | ഗ്രാമസഭലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം നേടിയവർ |
|---|---|---|
| 18 | 11 | യേശുദാസ്, ചെമ്പകരാമൻതുറ<br>സിസിലി, പുല്ലുവിള |

മറ്റു വാർഡുകളിലും ഇപ്രകാരം ഗ്രാമസഭഅംഗീകാരമില്ലാതെ ആനുകൂല്യം ലഭ്യമായവരുണ്ട്.
(സി) **<u>പ്രോജക്ടിന്റെ പേര് - ഹരിത ഭവനം88/19</u>**

**അടങ്കൽ** - 1819200/-
ചെലവ് - 567720/- (സുലേഖ പ്രകാരം)
**ചെക്ക് നമ്പർ-** 9086121/28.3.19 266000/-, 936384/29.3.19 35720/-
ബിൽ നമ്പർ -5/18.12.18 42000/- 13/25.3.19 224000/-

| ഗുണഭോക്തൃലിസ്ററിൽ ഉൾപ്പെട്ട ഗ്രാമസഭാഅംഗീകാരമില്ലാത്തവരുടെ എണ്ണം (6-ാം വാർഡിൽ മാത്രം ) | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം (6-ാം വാർഡ്) |
|---|---|
| 38 | 13പേർ (അമ്പിളി എൻ, ജോസ് ജെ.ജി, ജസ്റ്റിൻ സേവ്യർ, ജിനോ വി.എസ് പോൾ, ഷാജി പി.ആർ, തോമസ് യേശുദാസ്, മോഹനൻ എൻ, തങ്കം ഡി.ജെ, കൃഷ്ണൻകുട്ടി, റാണി.എൽ, ഓമന ഡി.ജെ, സെൻജോസ്) |

(ഡി) **പ്രോജക്ടിന്റെ പേര് – രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ( 34/19)**

**അടങ്കൽ** - 215000/-

ചെലവ് - 215000/- (സുലേഖ പ്രകാരം)
ചെക്ക് നമ്പർ- 405946/7.2.19 2180/-, 936381/28.3.19 1570-
ബിൽ നമ്പർ -1/16.10.18 42000/-, 6/18.2.18 49000/- 7/24.1.19 120250/-

| ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള ആകെ ഗുണഭോക്താക്താക്കളുടെ എണ്ണം | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ എണ്ണം |
|---|---|---|
| 30 | 54 | 24 |

പഞ്ചായത്തിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ജി.ഒ.(പി.) 220/97/ത.സ്വ.ഭ.വ. തീയതി 2.10.1997 ജി.ഒ.(പി.)181//ത.സ്വ.ഭ.വ. തീയതി 2.9.1998 എന്നിവയിലെ നിബന്ധനകൾ അടിസ്ഥാനമാക്കേണ്ടതും ഗ്രാമസഭയിൽ ചർച്ച ചെയ്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരിക്കൽ തയാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ മാറ്റം വരുത്താൻ പാടില്ലാത്തതുമാണ്. എന്നാൽ ഈ ഉത്തരവുകളൊന്നും പാലിക്കാതെയാണ് പ്രോജക്ടുകൾ പ്രകാരം ആനുകൂല്യം ലഭ്യമാക്കിയിരിക്കുന്നത്.
സർക്കാർ നിബന്ധനകൾ അവഗണിച്ച് ഗ്രാമസഭലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 29/2020) ആവശ്യക്കാർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത് എന്നാണ് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
മേൽ പ്രോജക്ടുകൾ പ്രകാരം ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് അടുത്ത ഗ്രാമസഭകളിൽ അവതരിപ്പിച്ച് സാധൂകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. മതിയായ രേഖകളും വിശദീകരണവും ലഭ്യമാകുന്നതുവരെ മേൽ പരാമർശിച്ചിരുക്കുന്ന പ്രോജക്ടുകളുടെ ചെലവുതുക 1185220/- രൂപ തടസ്സപ്പെടുത്തുന്നു.
അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്. വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-39 വനിതാ വികസന പ്രവർത്തനങ്ങൾ - പ്രോജക്ട് ബുക്കുകൾ പ്രിന്റ് ചെയ്ത് ലഭിക്കുന്നതിന് മുമ്പ് തുക നൽകി -75000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | വനിതാ വികസന പ്രവർത്തനങ്ങൾ |
| പദ്ധതിയുടെ നം | S0105/19 |
| പദ്ധതിഅടങ്കൽ | 480000/-വികസനഫണ്ട്. |
| പദ്ധതിചെലവ് | 274256/- |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ബിൽനം | 8/2018-19.തിയതി-13-11-2018.തുക-12468/-<br>11/2018-19.തിയതി-15-12-2018.തുക-15000/-<br>14/2018-19.തിയതി-31-12-2018.തുക-16230/-<br>20/2018-19.തിയതി-10-2-2019.തുക-22780/-<br>21/2018-19.തിയതി-19-2-2019.തുക-18065/- |

| | |
|---|---|
| | 23/2018-19.തിയതി-15-3-2019.തുക-39000/-<br>25/2018-19.തിയതി-15-3-2019.തുക-15000/-<br>28/2018-19.തിയതി-22-3-2019.തുക-113583/- (75000+38583)<br>30/2018-19.തിയതി-26-3-2019.തുക-22130/- |
| ആകെ തുക | 274256/- |

വനിതകളുടെ ഉന്നമനത്തിനും പുരോഗതിക്കും വേണ്ടി ജൻഡർ ഡെസ്ക്ക് സ്ഥാപിച്ചിട്ടുള്ള പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി വുമൻ ഫെസിലിറ്റേറ്റർക്കുള്ള ഹോണറേറിയം, ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ, സ്ത്രീ പദവി പഠനം, കൗമാരക്കാർക്കുള്ള കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തങ്ങൾ നടപ്പാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി ഒരു വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുകയും വാർഡ് തലത്തിൽ സ്ത്രീകളുടെ നിലവിലെ അവസ്ഥാ പഠനം നടത്തി വിവരശേഖരണം നടത്തുകയും ചെയ്തു. ലഭ്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ 500 പ്രോജക്റ്റ് ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിനായി 75000/-രൂപ Ayfa offset ഉടമ അഹമ്മദ് കബീർ എന്ന വ്യക്തിക്ക് 22-3-2019-ൽ (ബിൽ നം. 28/2018-19) നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 17/19-ന് മറുപടിയായി 500 പ്രോജക്ട് ബുക്കുകൾ പ്രിന്റ് ചെയ്തത് ലഭിച്ചിട്ടില്ലായെന്നും ഉടൻ ലഭ്യമാക്കുന്നതാണെന്നും നിർവഹണോദ്യോഗസ്ഥ അറിയിച്ചു. പ്രോജക്ട് ബുക്കുകൾ പ്രിന്റ് ചെയ്ത് ലഭിക്കുന്നതിന് മുൻപായി തുക നൽകിയത് ഗുരുതര വീഴ്ചയാണ്. പദ്ധതിയുടെ നിർവ്വഹണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യാത്തതിനാലാണ് വികസനഫണ്ടിന്റെ ദുരുപയോഗം സംഭവിച്ചിട്ടുള്ളത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയം പരിശോധിച്ച് ഉചിത തീരുമാനം കൈക്കൊള്ളേണ്ടതാണ്. 500 പ്രോജക്ട് ബുക്കുകൾ പ്രിന്റ് ചെയ്ത് ലഭ്യമാകുന്നത് വരെ 75000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-40 ഗ്രാമസഭകൾ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകി - 27000/-രൂപ തടസ്സം.

| | |
|---|---|
| പദ്ധതിയുടെ പേര് | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ |
| പദ്ധതിയുടെ നം | Soo43/19 |
| പദ്ധതിഅടങ്കൽ | 946000/-വികസനഫണ്ട്. |
| പദ്ധതിചെലവ് | 945000/- |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ബിൽനം | 16/2018-19.തിയതി.11-1-2019 |

പാവപ്പെട്ടവരും വൃദ്ധരുമായ ജനങ്ങളുടെയും പരിപാലത്തിനാണ് പദ്ധതി നടപ്പിലാക്കിയത്. ഒറ്റപ്പെട്ട് പരസഹായമില്ലാതെ ജിവിക്കുന്ന ജനങ്ങൾക്കാണ് പദ്ധതി പ്രകാരം പ്രധാന്യം

നൽകേണ്ടത്. പദ്ധതി പ്രകാരം 4200/-രൂപ വരെ വിലവരുന്ന കട്ടിൽ 220 പേർക്ക് നൽകാനാണ് ആദ്യം ലക്ഷ്യമിട്ടത്. എന്നാൽ ടെണ്ടർ പ്രകാരം ഒരു കട്ടിൽ 3000/-രൂപയ്ക്ക് ലഭിച്ചതിനാൽ 315 കട്ടിൽ വാങ്ങി. 11-7-2018ൽ നടന്ന ജനറൽ കമ്മിറ്റി തീരുമാനം 2(23) പ്രകാരം 316 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് നിർവഹണോദ്യോഗസ്ഥയ്ക്ക് നൽകി. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളെ ബന്ധപ്പെട്ട ഗ്രാമസഭകൾ അംഗീകരിച്ചിട്ടില്ലായെന്ന് കണ്ടെത്തി.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | റേഷൻകാർഡ് നം |
|---|---|---|---|
| 1 | വേലപ്പൻ | 3 | 1106186609 |
| 2 | ശ്യാമളയമ്മ | 3 | 1106099548 |
| 3 | ഔസേപ്പ് ലോപ്പസ് | 3 | 1106198428 |
| 4 | രവി | 6 | 1106090411 |
| 5 | സുഭദ്ര | 5 | 1106042126 |
| 6 | ഫ്രാൻസിസ് | 10 | 1106125205 |
| 7 | സ്റ്റീഫൻ | 10 | 1106041558 |
| 8 | ആഗ്നസ് | 16 | 1106042315 |
| 9 | യേശുദാസൻ | 8 | 1106042198 |

ഗ്രാമസഭകൾ അംഗീകരിക്കാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകിയതിനെ സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 22/19-ന് നൽകിയ മറുപടിയിൽ ഇനി വിളിച്ചുചേർക്കുന്ന ഗ്രാമസഭയോഗങ്ങളിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. എന്നാൽ ഭരണസമിതി ഗുണഭോക്താക്കളെ അംഗീകരിച്ചതിന് ശേഷം രണ്ട് ഗ്രാമസഭായോഗങ്ങൾ നടന്നിരിക്കുന്നു.

ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് സുതാര്യവും നീതിയുക്തവുമായിരിക്കണമെന്ന് ബഹു.കേരള ഹൈക്കോടതി 1997 എപ്രിൽ മാസം 4-ാം തിയതിയിൽ ഒ.പി.നമ്പർ 18175/1996എൽ എന്ന കേസിലെ വിധിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ കേസിൽ ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്ന സംഗതിയിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്ന അധികാരസ്ഥാനങ്ങൾ അല്ലായെന്നും അംഗീകരിക്കുന്നതിനുള്ള അധികാര സ്ഥാനങ്ങൾ മാത്രമാണെന്നും വിധിക്കുകയുണ്ടായി. ഗ്രാമസഭകൾക്കാണ് ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നതിനുള്ള അധികാരം. എതൊരു ഗുണഭോക്താവിന്റെയും തെരഞ്ഞെടുക്കൽ സുതാര്യമായ ഒരു നടപടിക്രമം അനുസരിച്ചായിരിക്കണമെന്നും, ഏതൊരു വിവേചനവും സ്വേച്ചാധിപത്യവും കേരള പഞ്ചായത്ത് രാജ് ആക്ടിറ്റിന്റെ മാത്രമല്ല ഇന്ത്യൻ ഭരണഘടനയുടെ 14-ാം അനുഛേദത്തിന്റെയും ലംഘനം ആയിരിക്കുമെന്നും ആ വിധി വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭകൾ അംഗീകരിക്കാത്ത വ്യക്തികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളുടെ അധികാരത്തിൻ മേലുള്ള കടന്ന് കയറ്റമാണ്. ഗ്രാമസഭകൾ അംഗീകരിക്കാത്ത വ്യക്തികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയത് നിയമാനുസരണം

അതാത് ഗ്രാമസഭകൾ അംഗീകരിച്ച് നൽകിയിട്ടില്ലാത്തതിനാൽ മേൽ പട്ടികയിലെ ഗുണഭോക്താക്കൾക്ക് ചെലവഴിച്ച 27000/-രുപ ഭരണസമിതി അംഗങ്ങളുടെയും സെക്രട്ടറിയുടെയും ബാധ്യതയായി മാറുന്നതാണ്.

## 1-41 തുടർവിദ്യാ കേന്ദ്രത്തിലേക്ക് വാങ്ങിയ സാധനങ്ങൾ - ഉപയോഗപ്രദമാക്കിയിട്ടില്ല

എച്ച്. എം. നിർവഹണം ചെയ്ത സാക്ഷരതാ പ്രവർത്തനങ്ങൾ പദ്ധതിയിലൂടെ തുടർവിദ്യാകേന്ദ്രത്തിലേക്ക് സാധനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ പദ്ധതി പ്രകാരമുള്ള ചില ഉപകരണങ്ങൾ തുടർ വിദ്യാ കേന്ദ്രത്തിൽ ലഭ്യമല്ലാത്തതായും, ചില ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളതായും ബോധ്യപ്പെട്ടു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

## 1-42 പാലിയേറ്റീവ് കെയർ .. പ്രവർത്തനാവലോകനം

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ 13/2019 |
| അടങ്കൽ | 650000/ |
| ചെലവ് | 566880/-(2018-19 ചെലവുപത്രിക, ബിൽ ബുക്ക് എന്നിവ പ്രകാരം ) |

മേൽ പ്രോജക്ടിന് 2019-2020 സാമ്പത്തിക വർഷം 82646/- രൂപയുടെ ചെലവുകൂടിയുണ്ട്. വിശദാംശം ചുവടെ
ചെലവ്- 72646/- (ബിൽ നം 1/07.05.19),
10000/-( ബിൽ നം 3/07.05.19)

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. **പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യഥാസമയം യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നില്ല.**

പാലിയേറ്റീവ് കെയർ മാർഗരേഖ ജി.ഒ(എം.എസ്) 3217/2015 ത.സ്വ.ഭ.വ തിരു തീയതി 29.10.2015 ഖണ്ഡിക 2.3 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ പ്രവർത്തനത്തിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റീവ് മാനേജ്മെന്റ് കെയർകമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ യഥാസമയം തീരുമാനങ്ങളെടുക്കേണ്ടതുമാണ്. കൂടാതെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തിൽ വച്ച് മാസം തോറും അവലോകനയോഗങ്ങളും നടത്തേണ്ടതാണ്. കരുംകുളം ഗ്രാമപഞ്ചായത്തിൽ പി.എം.സി രൂപീകരിച്ചിട്ടുണ്ടെങ്കിലും, 2018-2019 സാമ്പത്തിക വർഷം ആകെ 3 പ്രാവശ്യംമാത്രമേ (17.04.2018, 12.06.2018,15.03.2019 തീയതികളിൽ) യോഗം ചേർന്നിട്ടുള്ളു. അവലോകന യോഗങ്ങൾ നടത്തിയിട്ടില്ല. ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുൻപും പി.എം.സി പുനർ രൂപീകരിക്കേണ്ടതും കാര്യക്ഷമമായി പ്രവർത്തനം നടത്തേണ്ടതുമാണ്.

**(2) പാലിയേറ്റീവ് കെയർ നഴ്സ്, ഡ്രൈവർ എന്നിവരുടെ നിയമനം സംബന്ധിച്ച രേഖകൾ, കരാർ എന്നിവ ഹാജരാക്കിയിട്ടില്ല**

സ.ഉ. (സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ. 29-10-2015 ലെ പാലിയേറ്റീവ് കെയർ പ്രവർത്തന മാർഗരേഖ ഖണ്ഡിക 2.8.4 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിന് വേണ്ടി ഒരു വർഷത്തേക്കുള്ള കരാർ വ്യവസ്ഥയിലായിരിക്കണം പാലിയേറ്റീവ് കെയർ നഴ്സുമാരെ നിയോഗിക്കേണ്ടത്. എന്നാൽ നഴ്സിന്റെ നിയമനം സംബന്ധിച്ച രേഖകൾ, കരാർ എന്നിവയൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നഴ്സിന്റെ നിയമനം സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതും യഥാസമയം കരാർ പുതുക്കി ഓഡിറ്റിന് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതുമാണ്.

പാലിയേറ്റീവ് കെയർ മാർഗരേഖ ഖണ്ഡിക 2.6.5.3 പ്രകാരം ഹോം കെയർ ആവശ്യങ്ങൾക്കായി വാഹനങ്ങൾ വാടകക്ക് എടുക്കുന്നത് ക്വട്ടേഷൻ മുഖേനയായിരിക്കണമെന്നും, ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണെന്നും, കാലാവധി 6 മാസം മാത്രമാണെന്നും കാലാവധി അവസാനിക്കുന്നതിനു മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി യുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായുള്ള വാഹനത്തിന്റെ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, കുറഞ്ഞ ക്വട്ടേഷൻ ലഭ്യമാക്കിയ വാഹനത്തിന്റെ ഉടമയും നിർവഹണ ഉദ്യോഗസ്ഥനുമായുള്ള കരാർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.

(3) <u>ക്രമവിരുദ്ധമായി തുക പിൻവലിച്ച് എച്ച്.എം.സി അക്കൌണ്ടിലേയ്ക്ക് നൽകി</u>

മാർഗരേഖയിലെ ഖണ്ഡിക 2.6.5 പ്രകാരം സി.എച്ച്.സി യുടെ പാലിയേറ്റീവ് കെയറിനുവേണ്ടിയല്ലാതെ പ്രവർത്തിക്കുന്ന വാഹനങ്ങൾ ലഭ്യമാക്കാൻ കഴിയുന്നവ ഹോംകെയർ ടീമിന് അനുവദിച്ച് നൽകേണ്ടതും ഇങ്ങനെ അനുവദിക്കുന്ന വാഹനത്തിന്റെ ഇന്ധനച്ചെലവിനോ ഡ്രൈവറുടെ ചെലവിനോ വേണ്ടി പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക അനുവദിക്കാൻ പാടില്ലാത്തതുമാണ്. പാലിയേറ്റീവ് ഹോം കെയറിനായി സി.എച്ച്.സിയുടെ ആംബുലൻസ് 7 ദിവസം ഓടിയതിന് ബിൽ നം 3/7.5.19(2019-2020 വർഷത്തെ ബിൽ ബുക്ക് ) പ്രകാരം 3500/- രൂപ ( രസീത് നം 192/14.02.19, 193/15.02.19,195/19.02.2019,198/25.02.19,199 /26.02.19,200/21.03.2019,201/24.03.2019@ 500/- (500*7)) പ്രോജക്ട് പ്രകാരം പിൻവലിച്ച് എച്ച്.എം.സി ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. ഇത് ഖണ്ഡിക 2.6.5 ലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. ആയതിനാൽ 3500/- രൂപ എച്ച്.എം.സി അക്കൌണ്ടിൽ നിന്നും പിൻവലിച്ച് പാലിയേറ്റീവ് പ്രോജക്ട് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്ത് ക്രമീകരിക്കേണ്ടതും ഓഡിറ്റിന് വിവരം ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതുമാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 49/18.03.2020) മറുപടി ലഭ്യമായിട്ടില്ല.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 1-43 ബാലസഭ പ്രവർത്തനങ്ങൾ പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോ. നം | 47/19 ബാലസഭ പ്രവർത്തനങ്ങൾ പദ്ധതി |
| അടങ്കൽ തുക | 58000/-വികസന ഫണ്ട്. |
| ചെലവു തുക | 38140/- |
| ബിൽ നം./തീയതി | 47/18-19/27.02.2019 - 18000/- രൂപ |
| ബിൽ നം./തീയതി | 47/18-19/22.03.2019 - 20140/- രൂപ |

പദ്ധതി പ്രകാരം 18 വാർഡുകളിലും ബാലസഭ ക്രമീകരിച്ചതിനു വാർഡൊന്നിനു 1000/- രൂപ വീതം 18,000/- രൂപയും, പഠന വിനോദയാത്രക്കായി 20140/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

സ.ഉ.(സാധാ)നം.1363/2015/തസ്വഭവ തീയതി 06.05.2015 പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്കായി പരമാവധി വകയിരുത്താവുന്ന തുക 35000/- രൂപയാണ്. സർക്കാർ നിർദ്ദേശത്തിലുമധികമായി തുക വകയിരുത്തി ചെലവു ചെയ്തതു ക്രമവിരുദ്ധമാണ്.

കൂടാതെ, സ.ഉ. (എം.എസ്) 80/17/തസ്വഭവ തീയതി 03.04.2017 ഖണ്ഡിക12.7 പ്രകാരം ഉല്ലാസ-പഠന യാത്രകൾ പദ്ധതിയുടെ ഭാഗമായി നടത്താവുന്നതല്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ബാലസഭയുമായി ബന്ധപ്പെട്ട് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമ്മുകൾ, ആരോഗ്യ ശുചിത്വ പരിപാടികൾ, നൈപുണ്യ വികസന പരിപാടികൾ, ബാലകൃഷി, ബാല ലൈബ്രറി, ബാല പഞ്ചായത്ത്, ബാല പാർലമെന്ററുകൾ, സമ്മർ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനാണു ശ്രദ്ധിക്കേണ്ടിയിരുന്നത്.

അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/12.03.2020) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം ലംഘിച്ചു കൊണ്ട് പദ്ധതികൾ നടപ്പാക്കുന്നത് പദ്ധതി ആസൂത്രണ നിർവഹണ ഘട്ടങ്ങളിലെ വീഴ്ചയാണ്. സർക്കാറിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഇത്തരം ചെലവുകൾ നിർവഹിക്കാവൂ.

## 1-44 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോ. നം. 311/19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യത്തിനു ഫർണിച്ചർ |
| ചെലവു തുക | 3,70,000/- രൂപ എസ്.സി.പി. ഫണ്ട് |
| ബിൽ നം. | 12/18-19 തീയതി 19.03.2019 -364450/- |
| ചെക്ക് നം. | 406004 തീയതി 25.03.209 - 5550/- |

പദ്ധതി പ്രകാരം 74 വിദ്യാർത്ഥികൾക്കു യൂണിറ്റിനു 5000/- രൂപ നിരക്കിൽ ഹാർഡ് വുഡ് മേശയും കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതിക്കായി 74 'Hard wood study table and chair Table size -2.5'X 1.5' with one drawer' 5000/- രൂപ നിരക്കിൽ സിഡ്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വാങ്ങലിനു ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല. ജി.ഒ.(ആർ.ടി)നം.24/2018/എസ്.പി.ഡി. പ്രകാരം സിഡ്കോ നേരിട്ടു നിർമ്മിക്കുന്ന പട്ടികപ്പെടുത്തിയ ഫർണിച്ചറുകൾ, പട്ടികപ്പെടുത്തിയ നിരക്കിൽ വാങ്ങുന്നതിനു ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും നിശ്ചിത കാലയളവിലേക്കു സർക്കാർ ഇളവു നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്ത ഇനം ഫർണിച്ചറാണ് പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്. അതായത് പദ്ധതി പ്രകാരമുള്ള വാങ്ങലിനു ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു.

ബി) ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലിസ്റ്റിൽ പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് സ്കൂൾ മുഖാന്തിരം ശേഖരിച്ച്, സ്കൂൾ മുഖാന്തിരം വിതരണം ചെയ്യുന്നതിനു പകരം 21.02.2019 ലെ തീരുമാനം 1(2) ലൂടെ ഭരണസമിതി അംഗീകരിച്ചു നൽകിയ ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിലെ എല്ലാ ഗുണഭോക്താക്കളും ഗ്രാമസഭ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മേൽവിലാസം |
|---|---|---|
| 1 | കാവ്യ | കുഴിവിള ലക്ഷം വീട് |
| 2 | രാഹുൽ ആർ. ബി. | പ്ലാങ്കാല വീട്, കരുംകുളം, പുതിയതുറ പി.ഒ. |
| 3 | അനന്തു ബി | അമ്പാടി, പാമ്പുകാല |
| 4 | ആതിര | നാഗരൂടം |
| 5 | ആദിത്യനാഥ് | നമ്പ്യാതി, പുത്തൻവീട്, കരുംകുളം, പുതിയതുറ പി.ഒ. |
| 6 | നിരഞ്ജന | ശിവശൈലം |
| 7 | ശ്രേയ | അയ്യനാവിളാകത്ത് വീട് |
| 8 | അമൽജിത്ത് എസ്.എസ് | മിഥുനം, ഓടൽ, കരുംകുളം, പുതിയതുറ പ.ഒ. |
| 9 | ആര്യ എസ്.എസ്. | അംബികവിലാസം |
| 10 | ധരണ്യ | പൊടുവൽ കോളനി |
| 11 | സായ് കൃഷ്ണ ഡി.എസ് | ഡി.എസ്. ഭവൻ, കരുംകുളം, പുതിയതുറ പി.ഒ. |
| 12 | രേവതി സുനേഷ് | പപ്പന്റെ വിളാകം |
| 13 | മനു | പൊടുവൽ കോളനി |
| 14 | അർച്ചന വി.എസ് | പ്രസന്ന മന്ദിരം, കുട്ടവിള, കരുംകുളം, പുതിയതുറ പി. ഒ. |
| 15 | അനാമിക ജെ.കെ. | മുളനിന്ന വീട് |
| 16 | അനന്തു | എരുമനിന്ന വീട് |
| 17 | അഭിജിത്ത് | പൊടുവൽ വീട് |
| 18 | അമൽ എ.എസ് | അജിത ഭവൻ, കരുംകുളം, പുതിയതുറ പി.ഒ. |
| 19 | രേവതി ആർ | മുളനിന്ന തട്ട് വീട് |
| 20 | വിശംഭരൻ | പനംകാല പുത്തൻവീട് |
| 21 | ജിജേഷ് | പ്ലാവിളവീട്, കരുംകുളം, പുതിയതുറ പി.ഒ. |

| | | |
|---|---|---|
| 22 | ഐശ്വര്യ എസ് | തിനവിതച്ചതിൽ വീട് |
| 23 | വീണറാണി | നാഗർകൂടം കെട്ടിയ കോളനി |
| 24 | നിത്യരാജ് എൻ | പ്ലാവിള വീട്, കരുംകുളം, പുതിയതുറ പി.ഒ. |
| 25 | അഭിനന്ദ് | ഓടൽ വീട്, കരുംകുളം |
| 26 | ആര്യനന്ദ | അയ്യനാവിളാകത്ത് വീട് |
| 27 | വിഷൽ എസ് | എരുമ നിന്ന കോളനി, കരുംകുളം, പുതിയതുറ പി.ഒ. |
| 28 | ലക്ഷ്മി | സാബുസദനം |
| 29 | അനാമിക | ചെമ്പനാവിള |
| 30 | ശ്രീക്കുട്ടി | ചെമ്പനാവിള |

74 പേർക്ക് ആനുകൂല്യം നൽകിയതിൽ 30 പേരും ഗ്രാമസഭ തെരഞ്ഞെടുക്കാത്തവരാണ്. ആയതിനാൽ 30 ഗുണഭോക്താക്കൾക്ക് ഫർണിച്ചർ നൽകുന്നതിന് ചെലവഴിച്ച 150000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

സി) ഗുണഭോക്താക്കൾക്ക് മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നും, പട്ടികജാതി വകുപ്പിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡി) സാധനങ്ങൾ വാങ്ങിയത്, വില, ഗുണനിലവാരം ഉറപ്പാക്കിയതു സംബന്ധിച്ച മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചു സെക്രട്ടറിയ്ക്കും, നിർവഹണോദ്യോഗസ്ഥയ്ക്കും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/13.03.2020, 36/17.03.2020) 21.02.2019 ലെ 1(2)-ാം നമ്പർ തീരുമാനത്തിലൂടെ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു നൽകിയ ഗുണഭോക്താക്കൾക്കാണ് പദ്ധതി ആനുകൂല്യം അനുവദിച്ചതെന്നും, സിഡ്കോ അംഗീകൃത ഏജൻസിയായതിനാലാണ് പദ്ധതി പ്രകാരമുള്ള ഫർണിച്ചർ അവരിൽ നിന്നും വാങ്ങിയത് എന്നും നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെയാണ് പട്ടികപ്പെടുത്തി നൽകിയത് എന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചത്. എന്നാൽ ഗ്രാമസഭാ മിനിട്സിൽ മേൽ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കളെ അംഗീകരിച്ച് നിർവഹണാധികാരിക്ക് കൈമാറിയത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-45 മൊഹമ്മദൻ എൽ.പി.എസ്. വൈദ്യുതീകരണം - 9462/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കണം.

പ്രോജക്ട് നം. 189/19 മൊഹമ്മദൻ എൽ.പി.എസ്. വൈദ്യുതീകരണം

പദ്ധതി അടങ്കൽ 179350/- രൂപ

പദ്ധതി ചെലവ് 177809/- രൂപ

നിർവഹണാധികാരി - ഹെഡ് മിസ്ട്രസ്

ബിൽ നം. 5/18-19 തീയതി 13.12.2018
എസ്റ്റിമേറ്റ് തുക - 179350/-
പി.എ.സി. തുക - 179315/-
കരാർ തുക - 175000/-

ഗവ. മൊഹമ്മദൻ എൽ.പി.എസിന്റെ വൈദ്യുതീകരണത്തിനായി പദ്ധതി അംഗീകാരം നേടുകയും, ഇലക്ട്രിക്കൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ആസൂത്രണം, ടെണ്ടർ ക്ഷണിക്കൽ, നിർവഹണം എന്നിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള പദ്ധതിയുടെ നിർവ്വഹണത്തിന് ഹെഡ്മിസ്ട്രസ്സിനെ ചുമതലപ്പെടുത്തി.

ബി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും, കരാറുകാരനെ തെരഞ്ഞെടുക്കുകയും ചെയ്ത ശേഷം പദ്ധതി നിർവഹണത്തിനായി എച്ച്.എം. നെ ചുമതലപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് (ഭരണസമിതി തീരുമാനം നം.14(8) തീയതി 22.12.2017). പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. സുരേഷ്. റ്റി, കോതവിളാകം, കാക്കവിള പി.ഒ. , ശ്രീ. ബാലകൃഷ്ണൻ നായർ (വിലാസം രേഖപ്പെടുത്തിയിട്ടില്ല) എന്നിങ്ങനെ രണ്ടു കരാറുകാർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. എന്നാൽ കരാറുകാരുടെ ഇലക്ട്രിക്കൽ ലൈസൻസ്, പി.ഡബ്യു.ഡി രജിസ്ട്രേഷൻ രേഖകൾ ടെണ്ടറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. ശ്രീ. സുരേഷ്. റ്റി ടെണ്ടറിൽ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ തുറക്കുന്ന സമയം ടെണ്ടറിൽ പങ്കെടുക്കുന്നതിനു എല്ലാ ടെണ്ടറർമാരും യോഗ്യരാണെന്നു ഉറപ്പു വരുത്തേണ്ടതുണ്ട്. പ്രവൃത്തിക്കായി കരാർ സമർപ്പിച്ച കരാറുകാരുടെ ലൈസൻസ് രേഖകൾ കൂടി വാങ്ങി പരിശോധിച്ചശേഷമാണ് കരാറുകൾ അംഗീകരിക്കേണ്ടത്. അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.25/13.03.2020) ശ്രീ. സുരേഷ് റ്റി. ഗ്രാമപഞ്ചായത്തിൽ നിരവധി വൈദ്യുതീകരണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള വ്യക്തിയാണെന്നും ലൈസൻസ് ഉള്ള കരാറുകാരനാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ശ്രീ. ബാലകൃഷ്ണന്റെ ലൈസൻസ് രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ ടിയാൾക്ക് ഇലക്ട്രിക്കൽ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള ലൈസൻസ് ഇല്ലായെന്നും, ടിയാൾ ശരിയായ ടെണ്ടറർ അല്ലായെന്നുമുള്ള നിഗമനത്തിലെത്തുന്നു. അതായത് ലഭിച്ച ടെണ്ടർ സിംഗിൾ ടെണ്ടർ ആണ്. ആയതിനാൽ റീടെണ്ടർ നടപടികൾ സ്വീകരിച്ച് പദ്ധതി നടപ്പാക്കേണ്ടിയിരുന്നു. ടെണ്ടർ രജിസ്റ്റർ ടെണ്ടർ തുറന്ന അധികാരികളും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ ഓപ്പൺ ചെയ്ത സമയത്ത് ഓപ്പൺ ചെയ്ത അധികാരികൾ, ലൈസൻസ് രേഖകൾ വാങ്ങി പരിശോധിക്കാത്തതും, കരാറുകാരൻ ടെണ്ടറിൽ ഒപ്പു രേഖപ്പെടുത്തിയിട്ടില്ലാത്ത വിഷയം പോലും ശ്രദ്ധിച്ചിട്ടില്ലായെന്നതും ടെണ്ടർ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്നതും ഗുരുതരമായ വീഴ്ചയാണ്.

സി) സെക്രട്ടറിയുടെ ടെണ്ടർ ഫോം വിൽപന രജിസ്റ്റർ പരിശോധനക്കു ലഭ്യമാക്കിയില്ല. ടെണ്ടർ ഓപ്പൺ ചെയ്ത അധികാരി ടെണ്ടർ ഷെഡ്യൂളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡി) സ.ഉ. (പി)259/2010 /തസ്വഭവ തീയതി 08.11.2010 ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം ടെണ്ടറുകൾ പ്രൊക്രുർമെന്റ് കമ്മിറ്റി പരിശോധന നടത്തി ഭരണസമിതിക്കു ശുപാർശ നൽകിയിട്ടില്ല. പ്രൊക്യുർമെന്റ് കമ്മിറ്റി പരിശോധന നടത്തി, ശുപാർശ ചെയ്യാത്ത ടെണ്ടറിന്മേൽ ഭരണസമിതി തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

ഇ) സ.ഉ.(പി) 13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ ഭരണസമിതി അംഗീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതുമാണ്; തുടർന്ന് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതും, വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദു ചെയ്തു തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രവൃത്തിക്കായി എച്ച്.എം. 17.01.2018 തീയതിയിൽ അറിയിപ്പ് നൽകിയിട്ടും 15.02.2018 ലാണ് കരാറുകാരൻ പ്രവൃത്തിക്കായി കരാർ വച്ചിട്ടുള്ളത്. അതായത് ശ്രീ. സുരേഷ് റ്റി. 24 ദിവസത്തിനുള്ളിൽ കരാറിലേർപ്പെട്ട് പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ പ്രവൃത്തി ടിയാളുടെ നഷ്ടോത്തരവാദിത്തത്തിൽ തൊട്ടടുത്ത ബിഡ്ഡറെ കൊണ്ട് (ശ്രീ. ബാലകൃഷ്ണൻ) നിർവ്വഹിക്കേണ്ടിയിരുന്നു. ഇതിന്മേൽ തുടർ നടപടികൾ സ്വീകരിക്കാതെയും, ചട്ട പ്രകാരമുള്ള കാലയളവിൽ കരാർ സ്ഥാപിക്കാത്തതിനുള്ള പിഴ ഈടാക്കാതെയുമാണ് കരാർ വയ്ക്കുവാൻ ടിയാളെ അനുവദിച്ചിട്ടുള്ളത്.

കാലതാമസത്തിനു ഈടാക്കേണ്ട കുറഞ്ഞ പിഴ @1% പി.എ.സി. = 1793/- രൂപ ആയിരുന്നു

എഫ്) കരാർ ചമക്കുന്നതിനു മുൻപായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരനിൽ നിന്നും ഈടാക്കിയില്ല.

ജി) ശ്രീ. സുരേഷ് റ്റി. യുടെ 175000/-യുടെ ക്വട്ടേഷനാണ് ഭരണസമിതി അംഗീകാരം നൽകിയിട്ടുള്ളത്. അതായത് ടിയാൾ 2.43% കുറവിലാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയപ്പോൾ പ്രസ്തുത കുറവു വരുത്തിയില്ല. ടെണ്ടർ കിഴിവ് (@2.43%) ഈടാക്കാത്തതിനാലുണ്ടായ അധിക ചെലവ് ചുവടെ.

പ്രവൃത്തി മൂല്യം - 170970

(-) ടെണ്ടർ കിഴിവ് (@2.43%) - 4155

ആകെ പ്രവൃത്തി മൂല്യം - 166815

(+)എസ്റ്റിമേറ്റ് , ബിൽ തയ്യാറാക്കൽ, സൂപ്പർവിഷൻ ചാർജ്ജസ് @എസ്റ്റിമേറ്റിന്റെ 3% - 5381

(+)ചെക്ക് മെഷർ ചെയ്യുന്നതിനുള്ള ചാർജ്ജസ് @എസ്റ്റിമേറ്റിന്റെ 1% - 1794

**ആകെ അനുവദിക്കാവുന്ന തുക - 173990**

**(-) ആകെ അനുവദിച്ച തുക - 177809**

അധിക ചെലവ് - 3819

എച്ച്) പ്രവൃത്തിയുടെ എംബുക്കിൽ നം., സാക്ഷ്യപത്രം, പ്രവൃത്തി ചെയ്ത കാലയളവ് തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കു ലഭ്യമാക്കിയില്ല.

ഐ) പ്രവൃത്തിയുടെ ടെണ്ടർ നോട്ടിഫിക്കേഷൻ, ഷെഡ്യൂൾ, സാങ്കേതികാനുമതി, കരാർ തുടങ്ങിയ രേഖകളിലൊന്നും പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച വിവരം ഓഡിറ്റ് അന്വേഷണത്തിലൂടെ (നം.25/13.03.2020) ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. അസി. എഞ്ചിനീയർ നിർവഹണം ചെയ്ത ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് 3 മാസമാണ്. പദ്ധതിക്കായി പൂർത്തീകരണ കാലയളവ് നിശ്ചയിച്ചുകൊണ്ടുള്ള രേഖകളുടെ അഭാവത്തിൽ ഈ പ്രവൃത്തിയുടെയും പൂർത്തീകരണ കാലയളവ് 3മാസമായി പരിഗണിക്കുന്നു.

പ്രവൃത്തി നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 സെക്ഷൻ 2112 പ്രകാരവും 18.8.2018 ലെ AC2/223/15 തസ്വഭവ നം സർക്കുലർ പ്രകാരവും ആദ്യ 3 മാസത്തേക്ക് 1% നിരക്കിലും, തുടർന്നുള്ള 3 മാസത്തേക്ക് 2% നിരക്കിലും ചുവടെ ചേർക്കും പ്രകാരം പിഴ നിശ്ചയിക്കുന്നു.

പ്രവൃത്തി ആരംഭിക്കുവാൻ ഉത്തരവായ തീയതി - 17.02.2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി (ബിൽ പ്രകാരം) - 10.10.2018

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 17.05.2018

കാലതാമസം - 4 മാസം 24 ദിവസം

പിഴ തുക ആദ്യ 3 മാസം @കരാർ തുകയുടെ 1% - 1750

<u>1 മാസം 24 ദിവസത്തേക്കുള്ള പിഴ @കരാർ തുകയുടെ 2% - 2100</u>

ആകെ പിഴ - 3850

**രേഖകൾ പ്രകാരം കരാറുകാരന് അധികമായി അനുവദിച്ചിട്ടുള്ള തുക = (ഇ)+(ജി)+(ഐ) = 1793 + 3819 +3850 = <u>9462</u>**

അപാകതകൾ സംബന്ധിച്ച് സെക്രട്ടറി, എച്ച്.എം എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടതിൽ (നം. 25/13.03.2020, 36/17.03.2020, 37/17.03.2020) ഗ്രാമപഞ്ചായത്ത് ടെണ്ടർ ക്ഷണിച്ച്, കരാറുകാരനെ തെരഞ്ഞെടുത്ത് അംഗീകാരം നൽകിയ ശേഷമാണ് പദ്ധതിക്കായി തന്നെ ചുമതലപ്പെടുത്തിയത് എന്നും, ബില്ലുകളിൽ നിന്നും തുക കുറവു വരുത്തേണ്ടതു സംബന്ധിച്ച വിവരങ്ങൾ അറിവില്ലായിരുന്നുവെന്നും എച്ച്.എം. മറുപടി ലഭ്യമാക്കി. അസി. എഞ്ചിനീയർക്ക് പൊതുമരാമത്തു പ്രവൃത്തികളുടെ ബാഹുല്യം ഉള്ളതിനാലാണ് വൈദ്യുതീകരണം പോലുള്ള പ്രവൃത്തികളുടെ നിർവഹണത്തിൽ നിന്നും ഒഴിവാക്കി പദ്ധതി എച്ച്.എം. നു നൽകുവാനിടയായതെന്നും സെക്രട്ടറി അറിയിച്ചു.

സാങ്കേതിക സ്വഭാവമുണ്ടായിരുന്ന പ്രവൃത്തി സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത വിഭാഗത്തിലുള്ള ഉദ്യോഗസ്ഥനെ നിർവഹണത്തിനായി ചുമതലപ്പെടുത്തിയതും, ടെണ്ടർ

നടപടികളിൽ രേഖകൾ ശരിയായി പരിശോധന നടത്തി സാക്ഷ്യപ്പെടുത്തലുകൾ വരുത്താത്തതും പദ്ധതി ആസൂത്രണ വിഭാഗത്തിന്റെയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി തുടങ്ങിയവരുടെയും ഗുരുതരമായ വീഴ്ചയാണ്. പദ്ധതി പ്രകാരം അധികചെലവുണ്ടായ തുക കരാറുകാരനിൽ നിന്നും ഈടാക്കി അടിയന്തിരമായി ബന്ധപ്പെട്ട ട്രഷറി ഹെഡിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. പദ്ധതി ആസൂത്രണം, കരാറുകാരനെ തെരഞ്ഞെടുക്കൽ, ബിൽ തയ്യാറാക്കിയതിലെ അപാകതകൾ എന്നിവയ്ക്കു വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-46 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് - വാങ്ങൽ നടപടികളിലെ വീഴ്ചകൾ

| | |
|---|---|
| പ്രോജക്ട് നം. | 31/19 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം |
| ചെലവു തുക | 1367500/- വികസന ഫണ്ട് |
| ബിൽ നം. | 2/18-19 തീയതി 23.12.2018 |
| നിർവഹണാധികാരി | ഫിഷറീസ് സബ് ഇൻസ്പക്ടർ |

പദ്ധതി പ്രകാരം 27350/- രൂപ നിരക്കിൽ 50 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

എ) സ.ഉ. (കൈ)22/2018 തീയതി 14.02.2018 പ്രകാരം പരമാവധി 30,000/- രൂപ അടങ്കലിലാണ് ലാപ്ടോപ്പ് വാങ്ങേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് 37500/- രൂപ വിലയുള്ള 40 ലാപ്ടോപ്പുകൾ വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം നേടിയിരുന്നത്. (37500x40=1500000)

ബി) പദ്ധതിക്കായി ഇ ടെണ്ടർ ക്ഷണിച്ചതിൽ 10 ബിഡ്ഡുകൾ ലഭിച്ചു. വിൻഡോസ് 10 ഹോം ഓപ്പറേറ്റിംഗ് സിസ്റ്റം ലഭ്യമാക്കുവാനാണ് ടെണ്ടറിൽ ആവശ്യപ്പെട്ടിരുന്നത്. കുറഞ്ഞ നിരക്കിൽ ബിഡ്ഡുകൾ സമർപ്പിച്ച 5 സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഓഫർ ചെയ്ത ഓപ്പറേറ്റിംഗ് സിസ്റ്റം | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| CMS Technology | Ubuntu 16.04LTS OS | 27350 |
| Hypertech systems | Windows 10Home Original | 29480 |
| Monger Box | Windows 10Home Original | 28300 |
| Techno World | Windows 10Home | 27490 |
| MCCANN Info solutions | Windows 10Home | 28900 |

ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സി.എം.എസ്. ടെക്നോളജി ഒഴികെയുള്ള എല്ലാ ബിഡ്ഡർമാരും Windows 10 Home ഓപ്പറേറ്റിംഗ് സിസ്റ്റത്തിനുള്ള ബിഡ്ഡുകൾ ആണ് സമർപ്പിച്ചിരുന്നത്. സി.എം.എസ് ടെക്നോളജി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടില്ലാത്തതരം ഓപ്പറേറ്റിംഗ് സിസ്റ്റത്തിനുള്ള നിരക്കാണ് ക്വാട്ട് ചെയ്തത്. ഓപ്പൺ സോഫ്റ്റ്വെയറുകളുടെ വില താരതമ്യേന കുറവായതിനാലാണ് ടി സ്ഥാപനത്തിന്റെ നിരക്കിൽ കുറവു വന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്തു ആവശ്യപ്പെടാത്ത സ്പെസിഫിക്കേഷൻ ഓഫർ ചെയ്ത പ്രസ്തുത ടെണ്ടർ നിരസിക്കേണ്ടിയിരുന്നു. (സ.ഉ.(പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013 സ്റ്റോർ പർച്ചേസ്

മാന്വൽ 9.7) ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ ആണോ ലഭ്യമാക്കിയിട്ടുള്ളത് എന്ന് സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല.

സി) വാങ്ങൽ നടപടികൾ പൂർത്തിയാക്കുന്നതിനു മുൻപായി ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പരിശോധിക്കേണ്ടതും, സാമ്പിൾ ലഭ്യമാക്കി പരിശോധിക്കേണ്ടതുമുണ്ട്. നിർവഹണ ഉദ്യോഗസ്ഥ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് സാമ്പിൾ പരിശോധനക്കു ശുപാർശ നൽകിയിട്ടുണ്ടെങ്കിലും, പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങലുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുത്തതായി കാണുന്നില്ല. 18.04.2018 ൽ മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.

ഡി) 4.9.18 തീയതിയിൽ 1(7) തീരുമാനത്തിലൂടെ ഭരണസമിതി സി.എം.എസ് ടെക്നോളജിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിലേക്കായി സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത് 03.11.2018 ൽ മാത്രമാണ്. ടെണ്ടർ അംഗീകരിച്ച ശേഷം സപ്ലൈ ഓർഡർ നൽകുന്നതിനു കാലതാമസമുണ്ടായതിനു ഭരണസമിതി തീരുമാനം 03.11.18നാണു ലഭിച്ചത് എന്നും, അന്നു തന്നെ സപ്ലൈ ഓർഡർ നൽകി എന്നും നിർവഹണാധികാരി അറിയിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ കൂടാതെ ഭരണസമിതി കരാറുകാരനെ അംഗീകരിക്കുവാനുണ്ടായ സാഹചര്യവും വ്യക്തമല്ല.

ഇ) കരാർ ഉറപ്പിക്കുന്നതിനു മുൻപായി പെർഫോമൻസ് ഗ്യാരന്റി സ്ഥാപനത്തിൽ നിന്നും ഈടാക്കിയില്ല.

എഫ്) പദ്ധതി പ്രകാരം 50 പേർക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ പല ഗുണഭോക്താക്കളും ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്. 10,12,18 വാർഡുകളിൽ നിന്നു മാത്രം ഇപ്രകാരമുള്ള 5 പേർക്ക് ആനുകൂല്യം നൽകി.

| പേര് | വിലാസം | വാർഡ് നം |
|---|---|---|
| ശാലിനി, | D/o ഔസേഫ്, പള്ളികെട്ടിയ പുരയിടം, പുല്ലുവിള | 18 |
| ക്രിസ്തുദാസൻ | S/o ഡേവിഡ്സൺ, ചെക്കിട്ടവിളാകം, പുതിയതുറ | 10 |
| രഞ്ജിനി | D/o ഷെർലി, കുളപ്പുര ഹൗസ്, പുതിയതുറ | 12 |
| മാർട്ടിൻ ഷാജി | താഴെവീട്ടുവിളാകം | 12 |
| മെറ്റിൽഡ ഇമ്മാനുവേൽ | തോട്ടംപുരയിടം | 10 |

എഫ്) ലാപ് ടോപ്പിനു സി.എം.എസ് ടെക്നോളജി 3 വർഷ ഓൺസൈറ്റ് വാറന്റി ഓഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഗുണഭോക്താക്കൾക്കു കൈമാറിയിട്ടില്ല.

ജി) 1 TB ഹാർഡ് ഡിസ്ക്, ഓപ്റ്റിക്കൽ മൗസ്, ലാപ്ടോപ്പ് കേസ് തുടങ്ങിയവ ഉൾപ്പെടെ സപ്ലൈ ചെയ്യുന്നതിനാണ് കരാറുകാരൻ ഓഫർ നൽകിയിരുന്നത്. എന്നാൽ ഓഡിറ്റ് പരിശോധനക്കു ലഭ്യമാക്കിയ ലാപ്ടോപ്പിനു 465 GB ഹാർഡ് ഡിസ്ക് മാത്രമാണ് ഉണ്ടായിരുന്നത്. കൂടാതെ, മൗസ്, ലാപ്ടോപ്പ് കേസ് എന്നിവ ലഭിച്ചിട്ടില്ലായെന്നും, സ്വന്തം നിലയിൽ വിൻഡോസ് 10 ഹോം ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യേണ്ടി വന്നതായും ഗുണഭോക്താവ് അറിയിക്കുകയുണ്ടായി.

എച്ച്) ഗുണമേന്മയുള്ള ഉപകരണങ്ങൾ ഗുണഭോക്താക്കൾക്കു വിതരണം ചെയ്ത് പദ്ധതി വിജയകരമാക്കിയത് സംബന്ധിച്ച് മോണിട്ടറിംഗ് സമിതി നിരീക്ഷണം നടത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ചു നിർവഹണാധികാരിക്കും, സെക്രട്ടറിക്കും നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.38/17.03.2020) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ലാപ്ടോപ്പിന്റെ എണ്ണം, അടങ്കൽ എന്നിവ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചു നൽകിയതിൻ പ്രകാരമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും, സി.എം.എസ്. ടെക്നോളജിയുടെ ടെണ്ടർ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിലും, ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു നൽകിയ ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിലുമാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങി നൽകിയിട്ടുള്ളതെന്നും ഫിഷറീസ് ഇൻസ്പെക്ടർ അറിയിക്കുകയുണ്ടായി. കൂടാതെ, 'സി.എം.എസ് ടെക്നോളജിയുമായി ബന്ധപ്പെട്ടതായും, 3 വർഷ ഓൺ സൈറ്റ് വാറന്റി ഗുണഭോക്താക്കൾക്കു നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കാമെന്നു പ്രസ്തുത സ്ഥാപനം അറിയിച്ചതായും, ടി സ്ഥാപനം ഓഫർ ചെയ്തശേഷം ലഭ്യമാക്കാത്ത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും, ഹാർഡ് ഡിസ്ക് അപ്ഗ്രേഡ് ചെയ്തു നൽകുന്നതിനുള്ളു തുടർനടപടികൾ സ്വീകരിക്കുന്നതായും നിർവഹണാധികാരി അറിയിച്ചിട്ടുണ്ട്.

'സി.എം.എസ്. ടെക്നോളജി' ക്ക് അടിയന്തിരമായി നോട്ടീസ് നൽകി ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനും, ഹാർഡ് ഡിസ്ക് അപ്ഗ്രേഡ് ചെയ്തു നൽകുന്നതിനും, വാറന്റി രേഖകൾ ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകേണ്ടതും, ഗുണനിലവാരമുള്ള ഉപകരണങ്ങളും (ഒപ്റ്റിക്കൽ മൗസ്, ലാപ് ടോപ്പ് കേസ് തുടങ്ങിയവ), വാറന്റി രേഖകളും ലഭ്യമായതു സംബന്ധിച്ച ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

സ.ഉ. (പി) നം.259/10/തസ്വഭവ തീയതി 8.11.2010, സ.ഉ.(പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയെ ലംഘിച്ചുകൊണ്ടു, ഉപകരണത്തിന്റെ വാങ്ങൽ നടപടിക്രമങ്ങളിലുണ്ടായ വീഴ്ചകൾക്കു പ്രൊക്യൂർമെന്റ് കമ്മിറ്റിയും, ഭരണസമിതിയും, നിർവഹണാധികാരിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-47 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - വാങ്ങൽ നടപടികളിലെ അപാകതകൾ

പ്രോജക്ട് നം. 25/19 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ

അടങ്കൽ തുക - 1600000 വികസന ഫണ്ട്

ചെലവു തുക - 958000/-

പദ്ധതി പ്രകാരം 200മേശയും കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ.

എ) വാങ്ങൽ നടപടികൾ പൂർത്തിയാക്കുന്നതിനു മുൻപായി ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പരിശോധിക്കേണ്ടതും, സാമ്പിൾ ലഭ്യമാക്കി പരിശോധിക്കേണ്ടതുമുണ്ട്. നിർവഹണ ഉദ്യോഗസ്ഥ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് സാമ്പിൾ പരിശോധനക്കു ശുപാർശ നൽകിയിട്ടുണ്ടെങ്കിലും, പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങലുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുത്തില്ല. 18.04.2018 ൽ മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.

ബി) 4.9.18 തീയതിയിൽ 1(6) തീരുമാനത്തിലൂടെ ഭരണസമിതി ശ്രീ. രാജു എച്ച്, പ്രീമിയർ ഹൗസ്, വെള്ളയമ്പലം എന്നയാളുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിലേക്കായി സപ്ലേ

ഓർഡർ നൽകിയിട്ടുള്ളത് 05.10.2018 ൽ മാത്രമാണ്. ടെണ്ടർ അംഗീകരിച്ച ശേഷം സപ്ലൈ ഓർഡർ നൽകുന്നതിനു കാലതാമസമുണ്ടായതു ഭരണസമിതി തീരുമാനം ലഭിക്കുവാൻ വൈകിയതിനാലാണെന്നും, ഭരണസമിതി തീരുമാനം ലഭിച്ച തീയതിയിൽ തന്നെ സപ്ലൈ ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും നിർവഹണാധികാരി അറിയിച്ചു. പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ ശുപാർശ കൂടാതെ ഭരണസമിതി കരാറുകാരനെ അംഗീകരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല.

സി) പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് സ്കൂൾ അധികൃതരുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ്. സ്കൂൾ മുഖാന്തിരമാണ് ഫർണിച്ചർ വിതരണം ചെയ്യേണ്ടതും. എന്നാൽ ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൻ പ്രകാരമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റിയ പല ഗുണഭോക്താക്കളും ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്.

ഡി) പദ്ധതി പ്രകാരമുള്ള വാങ്ങൽ, ഫർണിച്ചറുകളുടെ ഗുണമേന്മ ഉറപ്പാക്കിയത്, വിതരണം എന്നിവ സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

വാങ്ങൽ നടപടികളിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം38/17.03.2020) ഗ്രാമപഞ്ചായത്തു സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി അംഗീകരിച്ചു നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത് എന്നും, തുടർന്ന് പദ്ധതികൾ നടപ്പാക്കുമ്പോൾ സ്കൂൾ മുഖാന്തിരം ലിസ്റ്റ് ലഭ്യമാക്കി പദ്ധതി നടപ്പാക്കുന്നതാണെന്നും നിർവഹണാധികാരി മറുപടി ലഭ്യമാക്കി. പദ്ധതി നടത്തിപ്പിലെ അപാകതകൾക്കു പ്രൊക്യുർമെന്റ് കമ്മിറ്റിയും, ഭരണസമിതിയും, നിർവഹണാധികാരിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-48 പദ്ധതി തുക വിനിയോഗിച്ചു വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല

പള്ളം മത്സ്യഭവൻ കാര്യാലയത്തിന്റെ ഉപയോഗത്തിലേക്ക് മത്സ്യ ഭവൻ ഓഫീസിനു ഫർണിച്ചർ വാങ്ങൽ പദ്ധതി പ്രകാരം 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി 72 neelkamal കസേരകളും, 8 wooden rack കളും വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെയോ, മത്സ്യഭവന്റെയോ സ്റ്റോക്ക് രജിസ്റ്ററിലുൾപ്പെടുത്തിയിട്ടില്ല.

GO(P) 3/2013 SPD dated 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ അധ്യായം 12.22 പ്രകാരം വാങ്ങുന്ന സാധനങ്ങൾ വെരിഫൈ ചെയ്ത് സ്റ്റോക്കിലെടുക്കേണ്ടതും, ബില്ലിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ചാപ്റ്റർ VI ആർട്ടിക്കിൾ 149, 150, 151 പ്രകാരം സ്ഥാപനം വാങ്ങിയിട്ടുള്ള സാധനങ്ങളുടെ സുരക്ഷിതമായ ഉപയോഗവും, പരിപാലനവും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്. ഇതിനായി സ്റ്റോക്കുകളുടെ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്. കൂടാതെ, സ്റ്റോക്ക് ആന്റ് സ്റ്റോർസിന്റെ വെരിഫിക്കേഷൻ, വാല്യുവേഷൻ എന്നിവ വാർഷികമായി നിർവഹിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 38 തീയതി 17.03.2020) പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഫർണിച്ചർ സ്റ്റോക്കിലെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-49 ഗുണഭോക്തൃതെരഞ്ഞെടുപ്പ് – സർക്കാർഉത്തരവ് ലംഘിച്ച് ആനുകൂല്യം നല്കിയിരിക്കുന്നു.

ജി.ഒ.(പി.) 220/97/ത.സ്വ.ഭ.വ. തീയതി 2.10.1997 ജി.ഒ.(പി.)181/98/ത.സ്വ.ഭ.വ. തീയതി 2.9.1998 എന്നീ ഉത്തരവുകൾ പ്രകാരം മുൻഗണനാ ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഓരോ വാർഡിലെയും ഗ്രാമസഭ തയ്യാറാക്കിയ ലിസ്റ്റിൻമേൽ, ആവശ്യമായ പരിശോധന പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ തയ്യാറാക്കേണ്ടതും കരട് പട്ടിക പരസ്യപ്പെടുത്തേണ്ടതും പരാതികളുണ്ടെങ്കിൽ ചർച്ച ചെയ്ത് പരിഹരിച്ചതിനു ശേഷം അന്തിമ ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എന്നാൽ 2018-19 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റുകൾ (ഭരണസമിതി തീരുമാനം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയത്), പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃലിസ്റ്റ്, ഗ്രാമസഭ മിനിട്സുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.ഒരു പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിലെ ഗുണഭോക്താക്കളുടെ പേര്,എണ്ണം എന്നിവ പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഗുണഭോക്തൃലിസ്റ്റുമായി പൊരുത്തപ്പെടുന്നില്ല.

2.ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടാത്തവരെ (ഗ്രാമസഭ അംഗീകരിക്കാത്ത) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി -

പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്ന ഗുണഭോക്തൃലിസ്റ്റിൽ ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾ ഉൾപ്പെട്ടിരിക്കുന്നു.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ നൽകൽ, മത്സ്യതൊഴിളാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം, കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ പട്ടികജാതി വിദ്യർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ എന്നിവയിലെ അപാകതകൾ വിശദമായി മുൻ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഇപ്രകാരം ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഗുണഭോക്തൃലിസ്റ്റ് തയാറാക്കിയത് സർക്കാർ ഉത്തരവിന്റെ ലംഘനവും ഗ്രാമസഭയുടെ അധികാരങ്ങളിലെ കടന്നുകയറ്റവുമാണ് . ഗ്രാമസഭകൾ അംഗീകരിക്കാത്ത വ്യക്തികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയത് നിയമാനുസരണം അതാത് ഗ്രാമസഭകൾ അംഗീകരിച്ച് നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുക , ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച 11-7-2018-ൽ നടന്ന ജനറൽ കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത വാർഡ് മെമ്പർമാരുടെയും സെക്രട്ടറിയുടെയും ബാധ്യതയായിരിക്കുന്നതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മേൽ പ്രോജക്ടുകൾ പ്രകാരം ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് അടുത്ത ഗ്രാമസഭകളിൽ അവതരിപ്പിച്ച് സാധൂകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്

## 1-50 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

2010ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ യോഗം ചുരുങ്ങിയത് മൂന്ന്

മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതും യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ പ്രസ്തുത യോഗത്തിന് ശേഷം ചേരുന്ന ഗ്രാമസഭായോഗത്തിൽ വായിക്കേണ്ടതുമാണ്. അതിനായി യോഗ തീരുമാനത്തിന്റെ പകർപ്പുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭാ കൺവീനർക്ക് നൽകേണ്ടതുമാണ്.
ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളും ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി ആശുപത്രി വികസനഫണ്ട് ആരംഭിക്കാവുന്നതും പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് ഫണ്ട് വർധിപ്പിക്കാവുന്നതാണ്. ജനങ്ങൾക്ക് ആശുപത്രിയുടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ എച്ച്.എം.സി യോഗത്തിൽ ഉചിതമായ തീരുമാനങ്ങളെടുക്കാവുന്നതും ആയത് പരിഗണിക്കുവാനായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ , ഗവ.ഹോമിയോ ഡിസ്പെൻസറി, ആയുർവേദ ഡിസ്പെൻസറി എന്നിവയിൽ ഇപ്രകാരം എച്ച്.എം.സി രൂപീകരിച്ച് നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചു വരുന്നില്ല ഇത് സ്ഥാപനത്തിന്റെയും പഞ്ചായത്തിന്റെയും ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഉത്ഘാടനങ്ങൾക്ക് അധിക ചെലവ്

സ.ഉ.(സാധാ) നം.3866/2015/തസ്വഭവ തീയതി 28.12.2015 പ്രകാരം മന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളുടെ ഉത്ഘാടനങ്ങൾക്കായി 25000/- രൂപയും മറ്റു ഉത്ഘാടനങ്ങൾക്കു 10,000/- രൂപയും പരമാവധി ചെലവു ചെയ്യാവുന്നതാണ്. ചുവടെ ചേർക്കുന്ന ഉത്ഘാടനങ്ങൾക്കു മേൽ നിർദ്ദേശിച്ചിട്ടുള്ളതിലും അധികമായി ചെലവു ചെയ്തിരിക്കുന്നു.

| ഉത്ഘാടന ചടങ്ങ് | ഉത്ഘാടന ഇനം | ചെലവ് തുക | ചെക്ക് നം./തീയതി | ചെലവു വിവരം | അധിക ചെലവ് |
|---|---|---|---|---|---|
| ആയുർവേദ ഡിസ്പൻസറിയുടെ ഉത്ഘാടനം | സാധാരണ ഉത്ഘാടനം | 14000 | 73606/10.05.2018 | ലൈറ്റിംഗ്, മൈക്ക് അനൗൺസ്മെന്റ്, അനുബന്ധ ചെലവുകൾ | 4000/- |
| ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് കാര്യാലയത്തിന്റെ ഉത്ഘാടനം | മന്ത്രി പങ്കെടുത്ത ചടങ്ങ് | 20,000/-<br>15000/- | 260440/08.08.2018<br>260439/08.08.2018 | വെളിച്ചം, ശബ്ദം, അനൗൺസ്മെന്റ് തുടങ്ങിയവ | 10000/- |

| | | | | | |
|---|---|---|---|---|---|
| | | | | സ്റ്റേജ്, ഷാമിയാന, കസേരകൾ തുടങ്ങിയവ | |
| അധിക ചെലവ് | | | | | 14,000/- |

തുക സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതിലും അധികമായി ചെലവു ചെയ്യുവാനുള്ള കാരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 45/18.03.2020) മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവു ചെയ്ത തുക 14,000/- രൂപ സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

## 3-2 ചെലവ് തുക എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തിയില്ല - അധികം നൽകിയ തുക നിരാകരിക്കുന്നു.

പ്രോജക്ട് നം 72/19

പ്രോജക്ടിന്റെ പേര് - വാറിൽകുഴിഞ്ഞവിള നടപ്പാത കോൺക്രീറ്റ്

അടങ്കൽ തുക – 265000/- (CFC Grand)

ചെലവ് തുക – 264933/-

ബിൽ നം – (128/23.3.2019 – Saankya Bill No.18020452013201415577, 19.3.2017)

കരാറുകാരൻ – ശ്രീ. ജെ രാജു.

എം ബുക്ക് നമ്പർ - 413/18-19

മേൽ പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽ മൂന്ന് ഇനം പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി നടപ്പാക്കിയ വേളയിൽ ഒന്നാമത്തെ ഇനം ഒഴിവാക്കിയിട്ടുണ്ട്. providing concrete for plain reinforcement concrete in open foundation complete as per drawings & specification clause 802,802, 1202 etc. എന്ന മൂന്നാമത്തെ ഇനം, എസ്റ്റിമേറ്റ് പ്രകാരം 31.231$M^3$ അളവിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എം ബുക്ക് പ്രകാരം 32.61$m^3$ അളവിൽ ചെയ്തതായി രേഖപ്പെടുത്തി എസ്റ്റിമേറ്റൽ വകയിരുത്തിയതിനേക്കാളും അധികം തുക നൽകിയിരിക്കുന്നു. അതിനാൽ ഒന്നാമത്തെ ഇനം ഒഴിവാക്കിയിട്ടും കരാറുകാരൻ കാട്ട് ചെയ്ത മുഴുവൻ തുകയും നൽകുന്ന സാഹചര്യം ഉണ്ടായി.

എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെയാണ് ഇത്തരത്തിൽ തുക അനുവദിച്ചിരിക്കുന്നത്.

അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

എം ബുക്ക് പ്രകാരമുള്ള അളവ് 32.61$m^3$

നൽകിയ തുക (നിരക്ക് 7982.95/m3) 260324/-

എസ്റ്റിമേറ്റ് പ്രകാരം അനുവദനീയ അളവ് - 31.231$M^3$

നൽകാവുന്ന തുക (നിരക്ക് 7982.95/$m^3$) 249316/-

അധികം നൽകിയ തുക 11008/- ( 260324 - 249316)

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 2/2020, തീയതി 12.3.2020) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ എസ്റ്റിമേറ്റിലുള്ള അളവിന്

പരിമിതപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയതെന്നും എൽ എസ് ജി ഡി സബ് ഡിവിഷൻ ഓഫീസിൽ നിന്നും പാസ്സാക്കിയപ്പോൾ മുഴുവൻ അളവും ഉൾപ്പെടുത്തുകയായിരുന്നു എന്നും അറിയിച്ചു. ഇപ്രകാരം അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം എൽ എസ് ജി ഡി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്

## 3-3 തുടർവിദ്യാ കേന്ദ്രത്തിലേക്ക് വാങ്ങിയ സാധനങ്ങൾ - ഉപയോഗപ്രദമാക്കിയിട്ടില്ല

പ്രോജക്ട് നം. 10/19 സാക്ഷരതാ പ്രവർത്തനങ്ങൾ

അടങ്കൽ തുക - 100000/-

ചെലവു തുക - 99230/-

ബിൽ നം. 11/18-19 തീയതി 19.03.2019 - 48250/- രൂപ

ബിൽ നം. 8/18-19 തീയതി 21.01.2019 - 50980/- രൂപ

തുല്യതാ പരീക്ഷക്കുള്ള ഫീസ് ഒടുക്കുന്നതിനും, തുടർവിദ്യാകേന്ദ്രത്തിലേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുമാണ് പദ്ധതി അംഗീകാരം ലഭിച്ചിരുന്നത്. പദ്ധതി പ്രകാരം 22 വിദ്യാർത്ഥികൾക്ക് തുല്യതാ പരീക്ഷക്കുള്ള ഫീസ് ഒടുക്കി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. തുടർന്ന്, സാക്ഷരതാ പ്രേരക് ലിസ്റ്റ് പ്രകാരം ആവശ്യപ്പെട്ടതിന്റെ കൂടി അടിസ്ഥാനത്തിൽ 50,980/- രൂപ ചെലവിൽ തുടർ വിദ്യാകേന്ദ്രത്തിന്റെ ആവശ്യത്തിലേക്ക് വാട്ടർ ടാങ്കുകൾ (2000ലി x 2എണ്ണം), സീലിംഗ് ഫാൻ (6എണ്ണം), പെഡസ്റ്റൽ ഫാൻ (2എണ്ണം), ഇൻഡക്ഷൻ കുക്കർ, സ്റ്റീൽ അലമാര (2എണ്ണം), കർട്ടൻ (13എണ്ണം), സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സുകൾ (100 എണ്ണം വീതം) തുടങ്ങിയ സാധനങ്ങളും വാങ്ങി നൽകി.

ഓഡിറ്റിന്റെ ഭാഗമായി 18.03.2020 തീയതിയിൽ തുടർ സാക്ഷരതാ കേന്ദ്രം നേരിട്ടു സന്ദർശിച്ചതിൽ പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള പല ഉപകരണങ്ങളും ലഭ്യമല്ലാത്തതായും, ചില ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളതായും ബോധ്യപ്പെട്ടു.വിശദാംശങ്ങൾ ചുവടെ.

| ഉപകരണങ്ങൾ | ബിൽ പ്രകാരം വാങ്ങിയ എണ്ണം | സ്ഥല പരിശോധനയിൽ തുടർ സാക്ഷരതാ കേന്ദ്രത്തിൽ കണ്ടെത്തിയത് | റിമാർക്സ് |
|---|---|---|---|
| വാട്ടർ ടാങ്ക് (2000 ലി @ 8000/-) | 2 | - | വാട്ടർ കണക്ഷൻ ഇല്ല. മൾട്ടി ക്യുസിൻ കുക്ക് പ്രാക്ടിക്കൽ സ്വന്തം വീട്ടിൽ നൽകുന്നതിനാൽ അവിടെ സൂക്ഷിച്ചിട്ടുള്ളതായിതുടർ വിദ്യാ കേന്ദ്രം പ്രേരക് അറിയിച്ചു. പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ ഒരു ടാങ്ക് വീട്ടിലേക്ക് ഉപയോഗപ്രദമാക്കിയിട്ടുള്ളതായും, മറ്റൊന്ന് ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നതായും കണ്ടു. കുക്കിംഗ് പ്രാക്ടിക്കൽ നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രസ്തുത കെട്ടിടത്തിനില്ല. |
| സ്റ്റീൽ അലമാര | 2 | 1 | എച്ച്.എം. വാങ്ങി തന്നതിൽ ഒരു അലമാര സ്വന്തം കൈയിൽ നിന്നും |

| | | | |
|---|---|---|---|
| (@5500/-) | | | അധികമായി തുക നൽകി വലിയ ഒരെണ്ണം മാറ്റിയെടുത്ത് തുടർ വിദ്യാകേന്ദ്രത്തിൽ ഉപയോഗിക്കുന്നുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ പുതിയ അലമാരയും തുടർ വിദ്യാകേന്ദ്രത്തിൽ കാണാനായില്ല. |

പദ്ധതി പ്രകാരം വാങ്ങിയ ഫാനുകൾ, ഇൻഡക്ഷൻ കുക്കർ, കർട്ടൻ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗ പ്രദമാക്കാത്തതായാണ് സ്ഥലപരിശോധനയിൽ കണ്ടത്.

അപാകതകൾ സംബന്ധിച്ചു നിർവഹണാധികാരിക്കു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.47/18.03.2020) വാട്ടർ ടാങ്ക്, അലമാര എന്നിവ തുടർ വിദ്യാകേന്ദ്രത്തിൽ വച്ചിരുന്നുവെന്നും, ടാങ്കുകൾ വാട്ടർ കണക്ഷൻ ലഭ്യമാക്കി ഉപയോഗപ്പെടുത്തുമെന്നു അറിയിച്ചിരുന്നതായും, ടാങ്കുകളും, അലമാരയും തുടർ വിദ്യാകേന്ദ്രത്തിൽ നിന്നും മാറ്റിയത് തന്റെ അറിവോടെയല്ലായെന്നും നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

തുടർ വിദ്യാകേന്ദ്രം പ്രവർത്തിക്കുന്നത് ഒരു കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് (ഫസ്റ്റ് ഫ്ലോർ). ഷീറ്റിട്ട പ്രസ്തുത കെട്ടിടത്തിൽ 2000ലിറ്ററിന്റെ 2 ടാങ്കുകൾ വയ്ക്കുന്നതിനുള്ള സൗകര്യമില്ല. വാട്ടർ കണക്ഷൻ ഇല്ലാതിരുന്നിട്ടും, ടാങ്കുകൾ വയ്ക്കുന്നതിനുള്ള സൗകര്യമില്ലാതിരുന്നിട്ടും, പ്രസ്തുത വിഷയം പരിഗണിക്കാതെ അവ വാങ്ങി നൽകിയിട്ടുള്ളത് നിർവഹണാധികാരിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

സാധനങ്ങൾ വാങ്ങിയത് പ്രേരക് ആവശ്യപ്പെട്ട പ്രകാരമാണെന്നതിനാലും, വാങ്ങിയ ഉപകരണങ്ങൾ പ്രേരക് എച്ച്. എം. ൽ നിന്നും രേഖാമൂലം കൈപ്പറ്റിയിട്ടുള്ളതിനാലും, തുടർ വിദ്യാകേന്ദ്രത്തിൽ കണ്ടെത്താനാകാത്ത മേൽ പട്ടിക പ്രകാരമുള്ള ഉപകരണങ്ങളുടെ വിലയായ 21,500/- (വാട്ടർ ടാങ്ക് 8000x2 + സ്റ്റീൽ അലമാര 5500x1) രൂപ തുടർ വിദ്യാ കേന്ദ്രം പ്രേരകിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. കൂടാതെ പ്രസ്തുത സ്ഥാപനത്തിനു നൽകിയതിൽ ഉപയോഗപ്രദമാക്കിയിട്ടില്ലാത്ത മറ്റു ഉപകരണങ്ങൾ തുടർ വിദ്യാകേന്ദ്രത്തിൽ നിന്നും കൈപ്പറ്റി ഉപകരണങ്ങൾ ആവശ്യമുള്ള മറ്റു കൈമാറികിട്ടിയ സ്ഥാപനങ്ങൾ, അംഗൻവാടികൾ എന്നിവയ്ക്കു ആവശ്യമുള്ള പക്ഷം അവർക്കു കൈമാറേണ്ടതും, വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 27.05.19 മുതൽ 28.05.2019 വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി3 /975/2019 തീയതി 31.5.2019 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | തുക | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | സമഗ്ര ക്ഷീര വർദ്ധിനി | 100000 | 0 |
| | | 30000 | ജൈവസമൃദ്ധി | 30000 | 0 |
| | | 320625 | സ്നേഹസ്പർശം | 310875 | 9750 |
| | | 1069176 | ലൈഫ് | 1069176 | 0 |
| | | 360000 | കിണർ റീചാർജ്ജ് | 2880 | 357120 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 90000 | സമഗ്ര ക്ഷീര വർദ്ധിനി | 90000 | 0 |
| | | 266000 | ഹരിതഭവനം | 266000 | 0 |
| | | 30000 | ജൈവസമൃദ്ധി | 30000 | 0 |
| | | 320625 | സ്നേഹസ്പർശം | 310875 | 9750 |
| | | 1348818 | ലൈഫ് | 1348818 | 0 |

2017-18 ൽ നീക്കിയിരിപ്പുണ്ടായിരുന്ന ബ്ലോക്ക് വിഹിതം 3000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 11,498/- രൂപയും നാളിതുവരെ വിനിയോഗിച്ചിട്ടില്ല. ചെലവഴിക്കാത്ത പക്ഷം തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകി അറിയിക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ & പോസ്റ്റ് ഷിഫ്റ്റിംഗ് | 1663171 | 0 | 1663171 |
| 2 | കെ.ഡബ്ല്യൂ.എ. | കുഴിഞ്ഞവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 220000 | 0 | 220000 |
| 3 | കെ.ഡബ്ല്യൂ.എ. | കാട്ടുവിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 319000 | 0 | 319000 |
| 4 | കെ.ഡബ്ല്യൂ.എ. | അംഗൻവാടിക്ക് കുടിവെള്ള പൈപ്പ് | 58000 | 0 | 58000 |
| 5 | കെ.ഡബ്ല്യൂ.എ. | വടവിൻകര പാലോട്ടുവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 170000 | 0 | 170000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. | സ.ഉ.(എം.എസ്) നം. 68/18 തദ്ദേശസ്വയംഭരണ തീയതി 18.05.2018 | 2423943 | - | - | - | 2423943 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 50,00,000/- (TDR No. T14/MTD W0999901 തീയതി 26.09.2018 ഇന്ത്യൻ ബാങ്ക്, കരുംകുളം) |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,00,000/- |

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമനം | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|---|
| 1 | 2009-10 | 2-6 | 3500 | മാനേജർ, എച്ച്.ആർ.എസ്. പെട്രോൾ പമ്പ് | 118040101318/22.07.2018 |
| 2 | 2016-17 | 3-2 | 4884 | ശ്രീമതി.കല്യാണിക്കുട്ടി, അസി. എഞ്ചിനീയർ | 118040103540/18.12.2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 114921754 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 105097095 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 46508 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7317391 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 14000 | ശ്രീമതി. മേരി ഇനിഗോ, സെക്രട്ടറി |
| 3-2 | - | 11008 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | - | 21500 | ശ്രീമതി.വിമലാഭായി, ഹെഡ് മിസ്ട്രസ് |
| ആകെ | | 46508 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 180000 | ശ്രീമതി. മേരി ഇനിഗോ, സെക്രട്ടറി / |
| 1-24 | 767000 | ശ്രീമതി. മേരി ഇനിഗോ, സെക്രട്ടറി- 597000/-<br>ശ്രീ. പ്രേം നിർമ്മൽ, അസിസ്റ്റന്റ് സെക്രട്ടറി, 170000/- |
| 1-25 | 1620000 | ശ്രീമതി. മേരി ഇനിഗോ, സെക്രട്ടറി |
| 1-30 | 1663271 | ശ്രീമതി. മേരി ഇനിഗോ, സെക്രട്ടറി |
| 1-31 | 1800000 | ശ്രീമതി. മേരി ഇനിഗോ, സെക്രട്ടറി |
| 1-38 | | കൃഷി ഓഫീസർ |
| 1-39 | 75000 | ശ്രീമതി. ലില്ലിഭായി |

| | | |
|---|---|---|
| | | എൻ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-40 | 27000 | ശ്രീമതി. ലില്ലിഭായി എൻ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-44 | 150000 | അസിസ്റ്റന്റ് സെക്രട്ടറി, |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മേരി ഇനിഗോ, സെക്രട്ടറി | വിരമിച്ചു | ആൻസ് നിവാസ്, ആർ സി സ്ട്രീറ്റ്, ബാലരാമപുരം പി ഒ |
| ശ്രീ.പ്രേം നിർമ്മൽ അസിസ്റ്റന്റ് സെക്രട്ടറി | - | പ്രസന്ന ഭവൻ, കല്ലമ്പള്ളി, ശ്രീകാര്യം.പി.ഒ തിരു-17 |
| ശ്രീമതി.ദിഷമണിയൻ,<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി സബ് ഡിവിഷൻ, അതിയന്നൂർ | മണിമംഗലം, എം.എൻ.ആർ.എ 44(1) റ്റി.സി.50/54(15) മഹാത്മ റോഡ്, കാലടി, കരമന.പി.ഒ (659002) |
| ശ്രീമതി രാജപുഷ്പം കൃഷി ഓഫീസർ | | ആൻസി ഭവൻ, പാമ്പുകാല പുതിയതുറ.പി.ഒ |
| ശ്രീമതി.ലില്ലിഭായി.എൻ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, കരുംകുളം ഗ്രാമപഞ്ചാത്ത് | ശാലേം മന്ദിരം, ആശാൻ വിള കഴിവൂർ പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ | റിമാർക്സ് |
|---|---|---|---|

| | വിവരം | എണ്ണം | |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി. /1189/2018 തീയതി.25.5.2018 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1189/2018 തീയതി.25.5.2018 | 2 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1189/2018 തീയതി.25.5.2018 | 1 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1189/2018 തീയതി.25.5.2018 | 1 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1189/2018 തീയതി.25.5.2018 | 2 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1189/2018 തീയതി.25.5.2018 | 3 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1189/2018 തീയതി.25.5.2018 | 7 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1189/2018 തീയതി.25.5.2018 | 9 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1454/2018 തീയതി.7.12.2018 | 15 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1454/2018 തീയതി.7.12.2018 | 17 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1454/2018 തീയതി.7.12.2018 | 29 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1454/2018 തീയതി.7.12.2018 | 33 | |

ഒപ്പ്/-
**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **കരുകുളം ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കരുകുളം ഗ്രാമപഞ്ചായത്തിന്റെ** 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി.3.6.2020